I-T

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 421 22.03.2010 ൽ മറുപടിയ്ക്ക്

# പാരമ്പര്യേതര ഊർജ്ജോത്പാദനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. എം. ആരിഫ്<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീമതി കെ. എസ്. സലീഖ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) പാരമ്പര്യേതര ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനത്തിന് വലിയ പ്രാധാന്യമാണ് സർക്കാർ നല്കി വരുന്നത്. ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 28.75 മെഗാവാട്ടിന്റെ ചെറുകിട ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി. കമ്മീഷൻ ചെയ്തു. സ്വകാര്യ മേഖലയിൽ 7 മെഗാവാട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയും 10 മെഗാവാട്ട് കോ-ജനറേഷൻ പദ്ധതിയും 28.05 മെഗാവാട്ട് കാറ്റാടി വൈദ്യുതി പദ്ധതിയും കമ്മീഷൻ ചെയ്തു.<br>സൗരോർജ്ജ വികസന പരിപാടികളുടെ ഭാഗമായി കേന്ദ്ര സർക്കാർ സഹായത്തോടെ 4204 വൈദ്യുതി ലൈനുകളിൽനിന്നും വിദൂരസ്ഥമായ വീടുകൾക്ക് സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചുവരുന്നു. ഇതിൽ 1150 എണ്ണം പൂർത്തിയായി. |

ഇതുകൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി 12480 സൗര ലാന്റേണുകളും, 1410 സൗര വഴിവിളക്കുകൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഇതോടൊപ്പം ബയോമാസ് ഗ്യാസിഫയറുകൾ, ബയോഗ്യാസ് വൈദ്യുതി ഉത്പാദനം, സൗരോർജ്ജ ഉപകരണങ്ങളുടെ വ്യാപനം എന്നീ മേഖലകളിൽ നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ഇതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തുകളുമായി ചേർന്ന് 20.63 മെഗാവാട്ട് ഉൽപാദനശേഷിയുള്ള ബയോമാസ് ഗ്യാസിഫയർ പദ്ധതിയുടെയും 530 ക്യൂബിക് മീറ്റർ ഗ്യാസ് ഉൽപാദിപ്പിക്കാൻ കഴിയുന്ന ബയോഗ്യാസ് പദ്ധതിയുടെയും ഡി.പി.ആർ. തയ്യാറാക്കി വരുന്നു. സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ ചെറുകിട ജലവൈദ്യുതി ഉൽപാദന സാദ്ധ്യതാ പ്രദേശങ്ങളുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ 13 ജില്ലകളിലാകെയുള്ള 870 ഓളം സൈറ്റുകളുടെ പ്രാഥമിക സർവ്വേ പൂർത്തിയാക്കി. ഇതിന്റെ ഭാഗമായി ഹൈഡൽ അറ്റ്ലസിന് രൂപം കൊടുത്തുവരുന്നു. കണ്ണൂർ ജില്ലയിലെ പേരാവൂർ ബ്ലോക്കിൽ 1.17 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന 14 മൈക്രോ ഹൈഡൽ പദ്ധതികൾക്ക് ഡി.പി.ആർ. തയ്യാറാക്കി കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് ഒരു പ്രത്യേക കമ്പനി രൂപീകരിക്കുന്നതു സംബന്ധിച്ച് ആലോചിച്ചു വരികയാണ്.

(ബി) കാറ്റിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്ന പദ്ധതിയിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നു എന്നു വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.യുടെ കഞ്ചിക്കോട്ടെ കാറ്റാടി നിലയത്തിൽ നിന്ന് 2.025 മെഗാവാട്ട് സ്വകാര്യ സംരംഭകരുടെ ഉത്തരവാദിത്വത്തിൽ ഇടുക്കിയിലെ രാമക്കൽമേട്ടിൽ 14.25 മെഗാവാട്ട്, പാലക്കാട്ടെ അഗളിയിൽ 13.8 മെഗാവാട്ട് എന്നിങ്ങനെ 30.075 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനശേഷിയാണ് കാറ്റാടി പദ്ധതികളിൽ നിന്നായി നിലവിലുള്ളത്.

(സി) തിരമാലയിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) വിഴിഞ്ഞത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനിക് ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈ എന്നീ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ച തിരമാലയിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ഈ രംഗത്ത് മറ്റു പ്രവർത്തനങ്ങളൊന്നും ഇപ്പോൾ ഏറ്റെടുത്തിട്ടില്ല.

(ഡി) മെച്ചപ്പെട്ട വിറക് അടുപ്പുകളും കമ്മ്യൂണിറ്റി അടുപ്പുകളും വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനെർട്ട് മുഖാന്തിരം 51,077 ദക്ഷത കൂടിയ ഗാർഹിക വിറകടുപ്പുകളും 1697 ദക്ഷത കൂടിയ കമ്യൂണിറ്റി വിറകടുപ്പുകളും വിതരണം ചെയ്തിട്ടുണ്ട്. ഇതോടൊപ്പം കൂടുതൽ മെച്ചപ്പെട്ട 10,948 ദക്ഷത കൂടിയ ആധുനിക പോർട്ടബിൾ വിറകടുപ്പുകളും 5485 കമ്യൂണിറ്റി വിറകടുപ്പുകളും സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു.

(ഇ) ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്ന പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(ഇ) കൃഷിവകുപ്പു മുഖാന്തിരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരവും സബ്സിഡി സ്കീമിൽ ഗാർഹിക ബയോഗ്യാസ് പ്ലാൻറുകളും ഗോബർ ഗ്യാസ് പ്ലാൻറുകളും സ്ഥാപിച്ചു വരുന്നുണ്ട്. ഇതു കൂടാതെ 12 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇവയിൽ നിന്ന് മൊത്തം 530 ക്യൂബിക് മീറ്റർ ഗ്യാസ് ഉൽപ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 422** **22-03-2010-ന് മറുപടിക്ക്**

## തൊഴിൽ മേഖലയിൽ നിർദ്ദിഷ്ട യോഗ്യതയുള്ളവരുടെ ദൗർലഭ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.വി.ജെ.തങ്കപ്പൻ | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെങ്കിലും തൊഴിൽ മേഖലയിൽ നിർദ്ദിഷ്ട യോഗ്യതയുള്ളവരുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (എ) ഉണ്ട്. പാരാമെഡിക്കൽ മേഖലയിൽ ആയുർവ്വേദ നഴ്സ്, ആയുർവ്വേദ ഫാർമസിസ്റ്റ്, ഹോമിയോ നഴ്സ്-കം-ഫാർമസിസ്റ്റ്, ഫാർമസിസ്റ്റ് (സിദ്ധ), ഡെന്റൽ ഹൈജീനിസ്റ്റ്, ഡെന്റൽ മെക്കാനിക്ക്, പ്രോസ്റ്ററീറ്റ് ടെക്നീഷ്യൻ, റേഡിയോഗ്രാഫർ, ട്രീറ്റ്മെന്റ് ഓർഗനൈസർ, മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ, ഓപ്റ്റീഷ്യൻ, വിമുക്ത ഭടന്മാർക്കുവേണ്ടി സംവരണം ചെയ്യപ്പെട്ട ടൈപ്പിസ്റ്റ്/ സി.എ., കിർത്താഡ്സ് പോലെയുള്ള സ്ഥാപനങ്ങളിൽ നിന്നറിയിക്കപ്പെടുന്ന കാർട്ടോഗ്രാഫർ, ക്യൂറേറ്റർ, മൃഗസംരക്ഷണ വകുപ്പിൽ പട്ടികവർഗ്ഗക്കാർക്കുവേണ്ടി സംവരണം ചെയ്യപ്പെട്ട ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, വിവിധ വ്യവസായ സ്ഥാപനങ്ങളിൽ പ്രവൃത്തി പരിചയം ആവശ്യപ്പെട്ടുകൊണ്ട് അറിയിക്കപ്പെടുന്ന സ്കിൽഡ് വർക്കർ, മൈനിംഗ് മേറ്റ്, ഡ്രില്ലർ, ഷിപ്പ് മോഡലിംഗ് മെക്കാനിക്ക് തുടങ്ങിയ ട്രേഡുകളിൽ നിർദ്ദിഷ്ട യോഗ്യതയും തൊഴിൽ പരിചയവുമുള്ളവരുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. കൂടാതെ പ്ലംബർ, ഇലക്ട്രീഷ്യൻ, മോട്ടോർ മെക്കാനിക്ക്, ഡീസൽ മെക്കാനിക്ക് തുടങ്ങിയ പരമ്പരാഗത ട്രേഡുകളിൽ ആവശ്യത്തിന് ഉദ്യോഗാർത്ഥികളെ നൽകാനായിട്ടില്ല. |

| | |
|---|---|
| (ബി) നിർദ്ദിഷ്ട യോഗ്യതയുള്ളവരുടെ അഭാവം മൂലം ഏതെങ്കിലും തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളെ നൽകാൻ കഴിയാത്ത അവസ്ഥ കഴിഞ്ഞ 2 വർഷക്കാലയളവിൽ ഉണ്ടായിട്ടുണ്ടോ? | (ബി) ഉണ്ടായിട്ടുണ്ട്. |
| (സി) തൊഴിലാളി ദൗർലഭ്യം നേരിടുന്ന മേഖലകളിൽ കൂടുതൽപേർക്ക് പരിശീലനം നൽകുന്നതിനായി തൊഴിൽ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) ഉണ്ട്. സ്കിൽ ഡെവലപ്പ്മെന്റിന് മുഖ്യ പരിഗണനയാണ് ഈ സർക്കാർ നൽകുന്നത്. 2006-ൽ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 33 ഐ.ടി.ഐ.കളും 1 ബേസിക് ട്രെയിനിംഗ് സെന്ററും മാത്രമാണ് തൊഴിൽ വകുപ്പിനു കീഴിൽ ഉണ്ടായിരുന്നത്. 2008, 2009 വർഷങ്ങളിലായി 23 പുതിയ ഐ.ടി..ഐ.കൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനും പുറമെ അടുത്ത സാമ്പത്തിക വർഷം ഏതാനും ഐ.ടി.ഐ.കൾ കൂടി സ്ഥാപിക്കുന്നതാണ്. ഇവയിലെല്ലാം തൊഴിൽ സാദ്ധ്യതയേറിയ ട്രേഡുകളിലാണ് പരിശീലനം നൽകുക. നിലവിലുള്ള രണ്ടാംകിട ഐ.ടി.ഐ.കളെ ഒന്നാംകിടയായി ഉയർത്തുക, ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുക എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ എംപ്ലോയ്മെന്റും ഫിനിഷിംഗ് സ്കൂളും പദ്ധതി, ഓറിയന്റേഷൻ കം ട്രെയിനിംഗ് പ്രോഗ്രാം, മൊഡ്യൂലാർ എംപ്ലോയബിൾ സ്കിൽസ്, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് സർട്ടിഫിക്കറ്റും ജോബ് കാർഡും പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. |

Mathew

സെക്ഷൻ ഓഫീസർ 2

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 423 22-03-2010-ൽ മറുപടിക്ക്

## വ്യവസായബന്ധസമിതികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.വി.ശശികുമാർ | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള വ്യവസായ ബന്ധസമിതികളുടെ പ്രവർത്തനം വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ തൊഴിലാളി, തൊഴിലുടമാ പ്രതിനിധികളെ തുല്യ അനുപാതത്തൽ ഉൾപ്പെടുത്തി ഐ.ആർ.സി. കൾ ജോയിന്റ് കൺസൾട്ടേറ്റീവ് ബോഡീസ് ആയി പ്രവർത്തിച്ചു വരുന്നു. ലേബർ കമ്മീഷണറെ അതിന്റെ ചെയർമാനായി സർക്കാർ നിയമിക്കുന്നു.<br>കേരളത്തിൽ രൂപീകൃതമായ ഐ.ആർ.സി. കൾ ഇന്ത്യയ്ക്കു സംഭാവനചെയ്ത ഉദാത്ത മാതൃകയാണെന്ന് ഒന്നാമത്തെയും രണ്ടാമത്തെയും നാഷണൽ ലേബർ കമ്മീഷൻ വിലയിരുത്തിയിട്ടുണ്ട്. 1940 കളിൽ കയർ വ്യവസായ മേഖലയിലാണ് ഇതിന്റെ തുടക്കം രേഖപ്പെടുത്തിയിരിക്കുന്നത്.<br>വിവിധ മേഖലകളിൽ രൂപീകരിച്ചിട്ടുള്ള വ്യവസായ ബന്ധ സമിതികളുടെ പ്രവർത്തനത്തിലൂടെ അതത് മേഖലകളിലെ തൊഴിലാളികളുടെ സേവന വേതന പ്രശ്നങ്ങളിൽ തീരുമാനമെടുക്കുന്നതിനും, അതത് വ്യവസായ മേഖലകളിൽ ഉടലെടുക്കുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനും അതിലൂടെ തൊഴിലാളി-തൊഴിലുടമാ ബന്ധം സുദൃഢമാക്കുന്നതിനും വ്യവസായിക മേഖലയിൽ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും വ്യവസായ വളർച്ച ഉറപ്പുവരുത്തു |

ന്നതിനും തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്ന തിനും സാധിച്ചിട്ടുണ്ട്.

പ്ലാന്റേഷൻ ലേബർ കമ്മിറ്റി (പി എൽ സി)യെ അതിന്റെ നല്ല പ്രവർത്തന ചരിത്രം കണക്കിലെടുത്ത് ഒരു മാതൃകയായി പരിഗണിച്ചിരിക്കുകയാണ്. പ്ലാന്റേഷൻ മേഖലയിൽ ലാഭ-നഷ്ട വിഷയങ്ങൾ പരിഗണിക്കാതെതന്നെ ബോണസ് ഏർപ്പെടുത്തുവാൻ 1944-ൽ ധാരണയായതും നമ്മുടെ സംസ്ഥാനത്തുണ്ടായ മറ്റൊരു മാതൃകാപരമായ തീരുമാനമാണ്. എന്നാൽ ഇന്ത്യയിൽ ബോണസ് നിയമം നിലവിൽ വന്നത് 1970-ൽ മാത്രമാണ്.

| | |
|---|---|
| (ബി) ഇപ്പോൾ എത്ര വ്യവസായ ബന്ധ സമിതികൾ നിലവിലുണ്ട്; അവ ഏതെല്ലാം മേഖലകളിലാണ് പ്രവർത്തിക്കുന്നത്; | (ബി) തൊഴിൽ വകുപ്പിന്റെ കീഴിൽ 14 വ്യവസായ ബന്ധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ, കശുവണ്ടി, കുട്ടനാട് കാർഷികമേഖല, കള്ളുചെത്ത്, മോട്ടോർ ട്രാൻസ്പോർട്ട്, ടെക്സ്റ്റയിൽ, പ്ലാന്റേഷൻ എന്നീ 7 മേഖലകളിൽ വ്യവസായ ബന്ധ സമിതികൾ പുനസംഘടിപ്പിച്ചു.<br>പുതുതായി പത്രപ്രവർത്തന മേഖലയിൽ വ്യവസായ ബന്ധ സമിതി രൂപീകരിക്കുകയും ചെയ്തു.<br>ഓട്, നിർമ്മാണ തൊഴിലാളി, ടിമ്പർ -പ്ലൈവുഡ്, എന്നീ 3 മേഖലകളിലെ സമിതികളാണ് പുനഃസംഘടിപ്പിക്കാനുള്ളത് .<br>ബീഡി & സിഗാർ, പാലക്കാട് കാർഷികം , ലിക്വർ ട്രേഡിംഗ് & വെൻഡിംഗ് എന്നീ 3 വ്യവസായ ബന്ധ സമിതികൾ പുനഃസംഘടിപ്പിക്കേണ്ടതില്ലാത്തവയാണ്. |

പാലക്കാട് സ്ഥാപിതമാകുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബി ഇ എം എൽ) ന്റെ പ്രൊജക്ട് ഏരിയക്ക് പ്രത്യേകമായി 15-ാമത്തെ വ്യവസായ ബന്ധ സമിതി രൂപീകരിക്കുന്നതിന് സംസ്ഥാന തൊഴിൽ വകുപ്പ് ഉത്തരവായിട്ടുണ്ട്.

കൂടാതെ വ്യവസായ ബന്ധ സമിതികളുടെ ഉന്നതാധികാര സമിതി എന്ന നിലയിൽ ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡും പ്രവർത്തിച്ചു വരുന്നു.

| | |
|---|---|
| (സി) കമ്മിറ്റികൾ ഇല്ലാത്ത വ്യവസായങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) വ്യവസായ ബന്ധ സമിതികൾ ആവശ്യമാണെന്നു കാണുന്ന മേഖലകളിൽ സമിതികൾ രൂപീകരിക്കുന്നുണ്ട്. |
| (ഡി) തൊഴിൽ മേഖലയിലെ തർക്കങ്ങൾ പരിഹരിക്കാൻ സമിതിയുടെ പ്രവർത്തനം എത്ര മാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) ഇക്കാര്യം സർക്കാർ കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്. കേരളത്തിലെ വിവിധ തൊഴിൽ മേഖലകളിൽ ഉടലെടുക്കുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനും സേവന വേതന വ്യവസ്ഥകളിൽ തീരുമാനമെടുക്കുന്നതിനും അങ്ങനെ വ്യവസായ മേഖലകളിൽ സമാധാനാന്തരീക്ഷം ഉറപ്പു വരുത്തുന്നതിനും വ്യവസായ ബന്ധ സമിതികളുടെ പ്രവർത്തനത്തിലൂടെ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 424** **22-03-2010-ൽ മറുപടിക്ക്**

## ഇ.എസ്.ഐ. ചികിത്സാ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജു<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.ഇ.എസ്.ബിജിമോൾ<br>ശ്രീ.എ.കെ.ചന്ദ്രൻ | ശ്രീ.പി.കെ.ഗുരുദാസൻ<br>ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇ.എസ്.ഐ. പദ്ധതിയിലെ അംഗത്വ വർദ്ധനവിനനുസരിച്ച് ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് ഇ.എസ്.ഐ. കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ? | (എ) ഇ.എസ്.ഐ. പദ്ധതിയിലെ അംഗത്വ വർദ്ധനവിനനുസരിച്ച് ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് ഇ.എസ്.ഐ. കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ റീജിയണൽ ബോർഡ് മീറ്റിംഗിലും വിഷയം ചർച്ച ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതുതായി 5 ഇ.എസ്.ഐ. ആശുപത്രികളും 3 അടിയന്തിര കിടത്തി ചികിത്സാ യൂണിറ്റുകളും ആരംഭിക്കണമെന്ന് ഇ.എസ്.ഐ. കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിച്ച സാഹചര്യത്തിൽ ആയതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരികയാണ്. |
| (ബി) പ്രതിവർഷം ശരാശരി എത്ര തൊഴിലാളികൾ ഇ.എസ്.ഐ.യിൽ അംഗങ്ങളാകുന്നുണ്ട്. കഴിഞ്ഞ 4 വർഷത്തിനുള്ളിൽ എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രതിവർഷം ശരാശരി 95,629 തൊഴിലാളികൾ ഇ.എസ്.ഐ. യിൽ അംഗങ്ങളാകുന്നുണ്ട്. കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ 97 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. |

(സി) ഏതെല്ലാം കേന്ദ്രങ്ങളിൽ ആശുപത്രികളും രോഗനിർണ്ണയ കേന്ദ്രങ്ങളും തുടങ്ങാനാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) വിഴിഞ്ഞം, കഞ്ചിക്കോട്, ചേർത്തല, കണ്ണൂർ, കാസർകോഡ് എന്നീ സ്ഥലങ്ങളിൽ ഇ.എസ്.ഐ. ആശുപത്രികളും കാസർകോഡ്, കേരളപുരം, മലപ്പുറം എന്നീ സ്ഥലങ്ങളിൽ ഇ.എസ്.ഐ. പദ്ധതിയുടെ കീഴിൽ എമർജൻസി സെന്ററുകളും ആരംഭിക്കുന്നതിനാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

Sushamas.S

***സെക്ഷൻ ഓഫീസർ***

12-ാം കേരള നിയമസഭ
14-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 425 22.3.2010-ൽ മറുപടിക്ക്

കെ.ടി.ഡി.എഫ്.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

ചോദ്യം ഉത്തരം

ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. വി.ശിവൻകുട്ടി
ശ്രീ. വി.ചെന്താമരാക്ഷൻ
ശ്രീ. എം.എം.മോനായി
ശ്രീ. എം. പ്രകാശൻ മാസ്റ്റർ

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.ടി.ഡി.എഫ്.സിയുടെ പ്രവർത്തനം കാര്യക്ഷമമായും അഴിമതി വിമുക്തമാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കെ.ടി.ഡി.എഫ്.സി.യുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതി വിമുക്തവുമാക്കുന്നതിനുമായി ചുവടെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br><br>1. കെ.ടി.ഡി.എഫ്.സി യിൽ നടന്നതായി പറയപ്പെടുന്ന അഴമതികളെക്കുറിച്ച് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ യൂണിറ്റ് VE.31/07/SIU നമ്പരായി വിജിലൻസ് അന്വേഷണം നടന്നു വരുന്നു.<br>2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളയുടെ നിർദ്ദേശപ്രകാരം കെ.ടി.ഡി.എഫ്.സി യിലെ മാനേജരെ (അഡ്മിനിസ്ട്രേഷൻ) വിജിലൻസ് ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>3. കെ.ടി.ഡി.എഫ്.സി യിൽ ഇപ്പോൾ ലോണുകൾ അനുവദിക്കുന്നത് എല്ലാ നടപടിക്രമങ്ങളും പാലിച്ചു എന്ന് ഉറപ്പു വരുത്തിയതിന് ശേഷമാണ്. ലോൺ അനുവദിക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളും പരിശോധിച്ച ശേഷം |

| | | | |
|---|---|---|---|
| | | | ലോണിനുള്ള അർഹതയും തിരിച്ചടവുശേഷിയും ഉറപ്പു വരുത്തിയ ശേഷമേ ലോൺ അനുവദിക്കാറുള്ളു.<br>4. പുതിയതായി ഒരു റിക്കവറി സെൽ രൂപീകരിച്ച് റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ലോൺ തിരിച്ചടവിൽ മുടക്കം വരുത്തുന്നവർക്കെതിരെ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെ.യ്തു വരുന്നു.<br>5. സുതാര്യത ഉറപ്പു വരുത്തുന്നതിനായി കെ.ടി.ഡി.എഫ്.സി നടപ്പാക്കുന്ന എല്ലാ ബി.ഒ.ടി. പദ്ധതികളും ഇ-ടെൻഡറിംഗ് വഴിയാണ് നടത്തുന്നത്.<br>ബി.ഒ.റ്റി. പ്രൊജക്ടുകൾ, കെ.എസ്.ആർ.ടി.സി. ലോൺ (ബസ് പർച്ചേസ്) എന്നിവ നൽകുന്നതിന് വേണ്ട തുക സ്വരൂപിക്കുന്നതിനായി സർക്കാർ ഗ്യാരണ്ടി ലിമിറ്റ് വർദ്ധിപ്പിച്ചു.<br>6. കെ.ടി.ഡി.എഫ്.സി യുടെ ആദ്യത്തേതും പൂർണ്ണമായും പ്രവർത്തനസജ്ജവുമായ ബി.ഒ.ടി. സംരംഭമാണ് കെ.ടി.ഡി.എഫ്.സി ഹെഡ് ഓഫീസ് കൂടി സ്ഥിതി ചെയ്യുന്ന വഴുതക്കാടുള്ള ട്രാൻസ് ടവർ ബിൽഡിംഗ്. ട്രാൻസ് ടവർ ബിൽഡിംഗിൽ നിന്നും പരമാവധി വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രതിമാസ വാടകയും, ഡെപ്പോസിറ്റും സ്വീകരിച്ചുകൊണ്ട് സ്ഥലം വാടകയ്ക്ക് നൽകുകയും ടി സ്ഥലങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ ട്രാൻസ് ടവർ ബിൽഡിംഗിൽ നിന്നും പ്രതിവർഷം മൊത്തവരുമാനമായും 1,17,79,815/- രൂപ ലഭിക്കുമെന്നും കണക്കാക്കുന്നു.<br>7. കെ.ടി.ഡി.എഫ്.സി യുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയെന്നുള്ള ഉദ്ദേശത്തോടെ മാനേജരെ (അഡ്മിനിസ്ട്രേഷൻ) പബ്ലിക് ഗ്രീവൻസ് ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്. കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ കുറിച്ച് പൊതുജനങ്ങൾക്ക് എന്തെങ്കിലും |

| | | | |
|---|---|---|---|
| | | | പരാതികൾ ഉള്ള പക്ഷം ആയവ പരിഹരിക്കുന്നതിൽ കോർപ്പറേഷൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br>8. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിർദ്ദേശപ്രകാരം കെ.ടി.ഡി.എഫ്.സി യുടെ ഹെഡ് ഓഫീസിലും, എല്ലാ ബ്രാഞ്ചുകളിലും ഉപഭോക്താക്കളുടെ ആവശ്യം നിറവേറ്റുന്നതിനുവേണ്ടി കസ്റ്റമർ കെയർ സർവ്വീസ് നൽകിവരുന്നു.<br>9. ഏതെങ്കിലും തരത്തിലുള്ള അഴിമതികൾ നടക്കാതിരിക്കുന്നതിനായി ഫലപ്രദമായ ഭരണസംവിധാനങ്ങളും നിരീക്ഷണസംവിധാനങ്ങളും കെ.ടി.ഡി.എഫ്.സി യിൽ നടപ്പിലാക്കിയിട്ടുണ്ട്.<br>10. കെ.ടി.ഡി.എഫ്.സിയുടെ ബ്രാഞ്ചുകളിലേയും മറ്റു ദൈനംദിന സാമ്പത്തിക ഇടപാടുകൾ പരിശോധിക്കുന്നതിനും അംഗീകരിക്കുന്നതിനും മറ്റും എഫ്.എ ആൻഡ് സി.എ.ഒ യുടെ നേതൃത്വത്തിലുള്ള കെ.ടി.ഡി.എഫ്.സി ഹെഡ് ഓഫീസിലെ ഫിനാൻസ് വിഭാഗം പ്രത്യേക ശ്രദ്ധ പുലർത്തി വരുന്നു. |
| (ബി) | പ്രസ്തുത കോർപ്പറേഷൻ ഇപ്പോൾ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് എന്ന് വിശദമാക്കുമോ; | (ബി) | കെ.ടി.ഡി.എഫ്.സി ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുമായി സഹകരിച്ച് കെ.എസ്.ആർ.ടി.സി. യുടെ തെരഞ്ഞെടുത്ത ഡിപ്പോകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി ക്ക് ബസ് പർച്ചേസ് / ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് എന്നിവയ്ക്കായി ലോൺ നൽകുന്നു. കൂടാതെ പൊതുജനങ്ങൾക്കായി വിവിധ ലോണുകൾ (ഫോർ വീലർ/ഹൗസിംഗ്/കൺസ്ട്രക് ഷൻ ലോൺ) നൽകുകയും പൊതുജനങ്ങളിൽ നിന്നും സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. യുടെ ബസ് | (സി) | കെ.എസ്.ആർ.ടി.സി യുടെ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് |

| | | | |
|---|---|---|---|
| | ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പദ്ധതിയിൽ കെ.ടി.ഡി.എഫ്.സി. പങ്കാളിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | നിർമ്മാണ പദ്ധതിയിൽ കെ.ടി.ഡി.എഫ്.സി. പങ്കാളിയാണ്. ഗവൺമെന്റ് അനുമതി നൽകിയ അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ, മലപ്പുറം, തിരുവല്ല, ഫോർട്ട് (തിരുവനന്തപുരം), പേരൂർക്കട,കരുനാഗപ്പള്ളി, പത്തനംതിട്ട, പാലക്കാട് എന്നീ പദ്ധതികൾ കെ.എസ്.ആർ.ടി.സി യുടെയും കെ.ടി.ഡി.എഫ്.സി. യുടെയും സംയുക്തസംരംഭങ്ങളായാണ് നിർവ്വഹിക്കപ്പെടുന്നത്. അതിൽ അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കെ.ടി.ഡി.എഫ്.സി ആരംഭിച്ചിട്ടുണ്ട്. ബി.ഒ.റ്റി അടിസ്ഥാനത്തിലാണ് ഇവയുടെ നിർമ്മാണം കെ.ടി.ഡി.എഫ്.സി നിർവ്വഹിക്കുന്നത്. പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ തുകയും പലിശയും കെ.റ്റി.ഡി.എഫ്.സി.യ്ക്ക് ലഭിച്ചു കഴിഞ്ഞാൽ വാണിജ്യ സമുച്ചയവും ബസ് സ്റ്റേഷനും കെ.എസ്.ആർ.ടി.സി ക്ക് കൈമാറും. അതുവരെ വരുമാനത്തിൽ ചെലവു കഴിച്ച തുകയുടെ 50 % അപ്പപ്പോൾ കെ.എസ്.ആർ.ടി.സി യ്ക്ക് നൽകിക്കൊണ്ടിരിക്കും.<br>അങ്കമാലി, കോഴിക്കോട്, പദ്ധതികളുടെ അടങ്കൽ തുക യഥാക്രമം 29,03,96,769/- രൂപയും 51,93,71,736 രൂപയുമാണ്. തിരുവനന്തപുരം സെൻട്രൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന് 55.94 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. ഇതിന്റെ അടങ്കൽ തുക 65 കോടി രൂപയോളം വരും. ഈ പദ്ധതികളുടെ നിർമ്മാണത്തിനാവശ്യമായ തുക പൊതുജനങ്ങളിൽ നിന്ന് സംഭരിക്കുന്ന സ്ഥിര-നിക്ഷേപങ്ങളിൽ നിന്നാണ് കണ്ടെത്തുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കെ.ടി.ഡി.എഫ്.സി.യുടെ ഇപ്പോഴത്തെ സാമ്പത്തികനില വ്യക്തമാക്കുമോ? | (ഡി) | 2007-2008 സാമ്പത്തിക വർഷം കാപ്പിറ്റൽ റിസർവ്, സർപ്ലസ് ഉൾപ്പെടെയുള്ള ഇക്വിറ്റി ഫണ്ട് 61.18 കോടി രൂപയും ഡിപ്രീസിയേഷൻ മൂലമുള്ള 2.23 കോടി രൂപകൂടി കണക്കിലെടുമ്പോൾ നഷ്ടം 28 ലക്ഷവുമായിരുന്നു. 2008-09 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ കണക്കു പ്രകാരം ഇക്വിറ്റി ഫണ്ട് 61.99 കോടി രൂപയും, ഡിപ്രീസിയേഷൻ തുകയായ 2.86 കോടി രൂപയും കണക്കിലെടുത്ത ശേഷം 81.47 കോടി രൂപ ലാഭവുമാണ്. അതിനാൽ കെ.ടി.ഡി.എഫ്.സി.യുടെ ഇപ്പോഴത്തെ സാമ്പത്തികനില മെച്ചമാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 426 22.03.2010 ൽ മറുപടിയ്ക്ക്

## കാർഷികാവശ്യത്തിനുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് മുൻഗണന നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് എം.പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) കാർഷികാവശ്യത്തിനായി വൈദ്യുതി ലഭ്യമാക്കുന്നതിന് നിലവിൽ മുൻഗണന ഉണ്ടോ; എങ്കിൽ എപ്രകാരമെന്നു വിശദമാക്കുമോ; | (എ) 2005 ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടവിച്ച ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005 പ്രകാരം കണക്ടഡ് ലോഡ് 1000 വാട്ടിൽ താഴെയുള്ള പട്ടികജാതി പട്ടിക വർഗ്ഗ ഉപഭോക്താക്കളെയും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും കണക്ടഡ് ലോഡ് 500 വാട്ടിൽ താഴെയുള്ളതുമായ ഉപഭോക്താക്കളെയും മാത്രമേ കണക്ഷൻ നൽകുന്നതിനാവശ്യമായ തുക നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ. ഇതു കൂടാതെ ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ടാർജറ്റ് പ്രകാരം (235 മീറ്റർ വരെ നീളത്തിൽ ലൈൻ വലിക്കേണ്ടതായ) കണക്ഷനുകൾ നൽകി വരുന്നു. ബോർഡ് നിശ്ചയിച്ചിട്ടുള്ള നിലവിലുള്ള ടാർജറ്റ് 30.09.2009 ആണ്. |
| (ബി) ഇപ്രകാരം നൽകുന്ന വൈദ്യുതി പൂർണ്ണമായും സൗജന്യമാണോ; അല്ലെങ്കിൽ ഏതു നിരക്കിൽ എന്നു വെളിപ്പെടുത്തുമോ; | (ബി) സർക്കാർ ഉത്തരവ് (എം.എസ്) നം. 30/99/കൃഷി തീയതി 04.02.1999 പ്രകാരം 01.08.1995 മുതൽ വിസ്തൃതിയ്ക്ക് പരിധിയില്ലാതെ നെൽകൃഷിയ്ക്ക് പൂർണ്ണമായും 01.04.1997 മുതൽ രണ്ട് ഹെക്ടറിൽ കവിയാത്ത മറ്റെല്ലാ കാർഷിക വിളകൾക്കും വൈദ്യുതി സൗജന്യം സർക്കാർ ബാധകമാക്കിയിട്ടുണ്ട്. കൃഷി വകുപ്പ് കണ്ടെത്തുന്ന അർഹതയുള്ള |

കർഷകർക്കാണ് സർക്കാർ വൈദ്യുതി സൗജന്യം നൽകുന്നത്. ഇപ്രകാരം നൽകുന്ന വൈദ്യുതിയുടെ വില സർക്കാർ കൃഷിഭവൻ വഴി ബോർഡിന് നൽകേണ്ട തുണ്ട്. കാർഷികാവശ്യത്തിനായി ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചുള്ള എൽ.റ്റി.V കാർഷിക വിഭാഗത്തിലുള്ള താരിഫ് പ്രകാരമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്. ഇത് താരതമ്യേന കുറഞ്ഞ നിരക്കാണ്. ഇതു പ്രകാരം ഫിക്സഡ് ചാർജ്ജായി പ്രതിമാസം ഒരു കിലോവാട്ടിന് 6 രൂപയും എനർജി ചാർജ്ജായി യൂണിറ്റൊന്നിന് 65 പൈസ യുമാണ് ഈടാക്കുന്നത്.

(സി) പുതിയ കണക്ഷനോ വിച്ഛേദിക്കപ്പെട്ട കണക്ഷൻ പുനഃസ്ഥാപിക്കുന്നതിനോ ഉള്ള അപേക്ഷ നൽകിയാൽ എത്ര ദിനങ്ങൾക്കകം ആയത് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ കർഷകർക്കു നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കി ഉടൻതന്നെ അവരുടെ ആവലാതികൾ പരിഹരിക്കുവാൻ നിർദ്ദേശം നൽകുമോ?

(സി) & (ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2005 പ്രകാരം വൈദ്യുതി കണക്ഷൻ നൽകുന്നതിന് ആവശ്യമായ തുക അടച്ച ഉപഭോക്താക്കൾക്ക്, (235 മീറ്റർ വരെ നീളത്തിൽ) എൽ.റ്റി. ലൈൻ വലിച്ച് കൊടുക്കേണ്ടവ) കണക്ഷൻ നൽകുന്നതിനുള്ള സമയപരിധി 30 ദിവസമാണ്. എന്നിരുന്നാലും ബോർഡ് പോസ്റ്റും കമ്പിയും ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ പണമടച്ച് 48 മണിക്കൂറിന്നുള്ളിലും പോസ്റ്റ് ആവശ്യമില്ലാത്തവ 15 ദിവസത്തിനുള്ളിലും നൽകുവാൻ ശ്രമിച്ച് വരുന്നു. വൈദ്യുതി കണക്ഷൻ കുടിശ്ശിക തുക അടച്ച് കഴിഞ്ഞ് കഴിവതും 24 മണിക്കൂറിനുള്ളിൽ തന്നെ കണക്ഷൻ പുനഃസ്ഥാപിച്ച് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 427 22.03.2010-ൽ മറുപടിയ്ക്ക്

പ്രതിദിന വൈദ്യുതി ഉപഭോഗ വർദ്ധനവും അധിക സാമ്പത്തിക ബാദ്ധ്യതയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ. ചന്ദ്രൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ. അജിത്ത്<br>ശ്രീ. ബാബുപോൾ | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രതിദിന വൈദ്യുതി ഉപഭോഗം വർദ്ധിക്കുമ്പോൾ ബോർഡിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാറുണ്ടോ ; ഉണ്ടെങ്കിൽ ഈ ബാദ്ധ്യത എങ്ങനെ നികത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പ്രതിദിന വൈദ്യുതി ഉപഭോഗം വർദ്ധിക്കുമ്പോൾ ബോർഡിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാറുണ്ട്. ഇന്ധനവില വർദ്ധനവുമൂലമോ പ്രതീക്ഷിച്ചതിലധികം വൈദ്യുതി ഉപഭോഗം മൂലമോ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത, അതാതു വർഷം തന്നെ നികത്തേണ്ടത് ബോർഡിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമാണ്. അതുകൊണ്ട് ഇത് ഉപഭോക്താക്കളിൽ നിന്നും സർചാർജായി ഈടാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുവാനുള്ള അപേക്ഷ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ മുമ്പാകെ ബോർഡ് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) അംഗീകൃത വൈദ്യുതി നിലയങ്ങൾക്ക് പുറമെ പുറത്തു നിന്ന് വാങ്ങുന്ന വൈദ്യുതിക്ക് ഇന്ധന സർചാർജ്ജ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) നടപ്പു സാമ്പത്തിക വർഷം 2009-10 ൽ ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ വരെ ദ്രവഇന്ധന നിലയങ്ങളിൽ നിന്നും വ്യാപാരികളിൽ നിന്നും, പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചെയ്ഞ്ച് തുടങ്ങിയ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനും, ഉല്പാദി |

വൈദ്യുതി വാങ്ങുന്നതിനും, ഉല്പാദി പ്പിക്കുന്നതിനും വേണ്ടി വന്ന അധിക സാമ്പത്തിക ബാദ്ധ്യതയായ 311.52 കോടി രൂപ സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്നും ടി സാമ്പത്തിക വർഷം തന്നെ ഈടാ ക്കുന്നതിനുള്ള അപേക്ഷ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനു മേലുള്ള പൊതു തെളിവെടുപ്പും കമ്മീഷൻ നടത്തി. എന്നാൽ ടി അപേക്ഷയിൽ മേലുള്ള ഉത്തരവ് ഇതുവരെ ഇറക്കിയിട്ടില്ല.

2009 ഏപ്രിൽ മുതൽ 2010 ജനുവരി വരെ വൈദ്യുതി ഉല്പാദന ത്തിനും, വാങ്ങലിനും വേണ്ടി വന്ന അധിക ബാദ്ധ്യത 487.78 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഏപ്രിൽ 2009 മുതൽ സെപ്റ്റംബർ 2009 വരെയുള്ള അധിക ബാദ്ധ്യ തയായ 311.52 കോടി രൂപയിൽ മേലുള്ള തീർപ്പ് കമ്മീഷൻ നടപ്പാക്കാ ത്തതിനാൽ ജനുവരി 2010 വരെ യുള്ള അധിക ബാദ്ധ്യത ഉപഭോക്താ ക്കളിൽ നിന്നും ഈടാക്കുവാനുള്ള അപേക്ഷ ഇതുവരെ നൽകിയിട്ടില്ല.

S. Malathy
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 428 22-03-2010-ൽ മറുപടിക്ക്

## വനാവകാശം അംഗീകരിച്ചു കിട്ടിയ കുടുംബങ്ങൾ

| | ചോദ്യം | മറുപടി |
|---|---|---|
| ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി | | ശ്രീ.എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ | കേരളത്തിൽ വനാവകാശ നിയമപ്രകാരം എത്ര കുടുംബങ്ങൾക്കാണ് ഇതുവരെ വനാവകാശം അംഗീകരിച്ചു നൽകിയിട്ടുള്ളത് ; | സംസ്ഥാനത്ത് 6404 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. |
| ബി | പെരിയാറും പറമ്പിക്കുളവും വനം വകുപ്പ് സംരക്ഷിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളത് വനാവകാശ നിയമത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പാലിക്കാതെയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്തു നടപടിയാണെടുത്തിട്ടുള്ളത് ; | പെരിയാർ ടൈഗർ റിസർവിന്റെ കോർ ബഫർ രൂപീകരണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പറമ്പിക്കുളം കടുവ സങ്കേതത്തിന്റെ കോർ ബഫർ പ്രദേശങ്ങൾ വിജ്ഞാപനം ചെയ്തതിൽ വന്ന അപാകതകൾ വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| സി | വനാവകാശ നിയമപ്രകാരമുള്ള കമ്മ്യൂണിറ്റി റൈറ്റ്സ് കേരളത്തിൽ എത്രയിടങ്ങളിൽ അംഗീകരിച്ചു നൽകിയിട്ടുണ്ട് ; | അംഗീകരിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ഡി | വനാവകാശ നിയമം നടപ്പാക്കുന്നതിൽ എന്താണ് പ്രധാന പ്രതിബന്ധങ്ങൾ; വ്യക്തമാക്കുമോ ? | ഭൂമിയുടെ സർവ്വെ നടപടികൾ പൂർത്തിയാകാത്തത് വനാവകാശ നിയമം പൂർണ്ണമായും നടപ്പിലാക്കുന്നതിൽ താമസത്തിന് കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രച്ചിഹ്നമിട്ട

ചോദ്യം നമ്പർ 429 — 22.03.2010 ൽ മറുപടിയ്ക്ക്.

## ആറളം ഫാമിലേയ്ക്ക് മാറ്റി പാർപ്പിക്കപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾ

ചോദ്യം

ശ്രീ. അടൂർ പ്രകാശ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. ജോർജ് മേഴ്സിയർ

മറുപടി

ശ്രീ. എ. കെ. ബാലൻ

(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

(എ)ആറളം ഫാമിലേയ്ക്ക് മാറ്റി പാർപ്പിക്കപ്പെട്ട പട്ടികവർഗ്ഗകുടുംബങ്ങൾക്ക് അനുവദിച്ച ജീവിതോപാധികൾ എന്തെല്ലാം;

(എ)ആറളം ഫാമിൽ ഭൂരഹിതരായ 2335 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കർവീതം ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. ഇവിടെ പാർപ്പിക്കപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിച്ച ജീവനോപാധികളുടേയും നടപ്പാക്കി വരുന്ന വികസനപ്രവർത്തനങ്ങളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു

1. 1000 രൂപ നിരക്കിൽ 6 തരം കാർഷിക പണിയായുധങ്ങൾ 2335 പേർക്ക് അനുവദിച്ചിട്ടുണ്ട്.
2. ഫുഡ് സപ്പോർട്ട് പ്രോഗ്രാം മുഖേന ഗുണഭോക്താക്കൾക്ക് അരിയും പയറും വിതരണം ചെയ്യുന്നുണ്ട്.
3. കൃഷിഭവൻ മുഖേന മേൽത്തരം കശുമാവ്, കൊക്കൊ, തുടങ്ങിയ നടീൽവസ്തുക്കളും നെൽകൃഷി ചെയ്യുന്നവർക്ക് കൃഷിക്ക് സബ്സിഡിയും അനുവദിച്ചിട്ടുണ്ട്.
4. ആറളം ഗ്രാമപഞ്ചായത്ത് മുഖേന തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
5. കേരള കാർഷികസർവ്വകലാശാല മുഖേന ആട്, പശുവളർത്തൽ പദ്ധതി നടപ്പിലാക്കുന്നതിന് 1,43,95,517/- രൂപ അനുവദിക്കുകയും ഗുണഭോക്താക്കളെ ഊരുകൂട്ടം ചേർന്ന് തെരഞ്ഞെടുക്കുകയുംചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അവർക്ക് അനുവദിച്ചിരുന്ന സൗജന്യ റേഷൻ ഇപ്പോൾ കൊടുത്തുവരുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് കാലാകാലങ്ങളിൽ സർക്കാർ പ്രത്യേക ഉത്തരവുകൾ നൽകുന്ന മുറയ്ക്കാണ് സൗജന്യ റേഷൻ നൽകി വരുന്നത്. എന്നാൽ കിലോയ്ക്ക് 2 രൂപാ നിരക്കിൽ അരി വിതരണം നടത്തി വരുന്നുണ്ട്.

(സി) ആറളം ഫാമിലേയ്ക്ക് മാറ്റിപാർപ്പിച്ച കുടുംബങ്ങളിൽ എത്ര കുടുംബങ്ങൾ ഇപ്പോഴും അവിടെയുണ്ട്; എത്ര കുടുംബങ്ങൾ അവിടം ഉപേക്ഷിച്ചുപോയി; അതിന്റെ കാരണം എന്ത്;

(സി) 1941 കുടുംബങ്ങൾ ഇപ്പോഴുണ്ട്. ബാക്കി ഭൂമി ലഭിച്ച കുടുംബങ്ങൾ സ്ഥിരമായി താമസിക്കുന്നില്ലെങ്കിലും കൃഷി ചെയ്യുന്നതിനും അനുഭവം എടുക്കുന്നതിനും ഫാമിലെത്തുന്നുണ്ട്. ആരും ഭൂമി ഉപേക്ഷിച്ച് പോയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ഡി) ഇവിടെ മതിയായ ജീവിത സൗകര്യങ്ങൾ ഒരുക്കി കൊടുത്തിട്ടുണ്ടോ; വരൾച്ചയുടെ കാഠിന്യത്താൽ കുടിവെള്ളത്തിനു പോലും ക്ഷാമംനേരിടുന്ന പ്രദേശത്ത് വൃത്തിഹീനമായ സാഹചര്യത്തിൽ കുട്ടികൾക്ക് ത്വക്ക്രോഗം പടർന്നു പിടിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതിന് എന്തുപരിഹാര നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

(ഡി) മതിയായ ജീവിത സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരുന്നു. കുടിവെള്ളം ലഭ്യമാക്കുന്നതിനായി 400 കുടുംബങ്ങൾക്ക് കിണർ കുഴിക്കുന്നതിന് 10,330 രൂപാ വീതം കേരളനിർമ്മിതികേന്ദ്രം മുഖേന വിതരണം നടത്തി വരുന്നു. ഇവിടെ വൃത്തിഹീനമായ സാഹചര്യം ഉള്ളതായോ ത്വക്ക് രോഗം പടർന്നുപിടിച്ചതായോ ശ്രദ്ധയിൽ പെട്ടിട്ടില്ല. വന്യമൃഗസങ്കേതത്തിനു ചേർന്നുള്ള പുനരധിവാസപ്രദേശമായതിനാൽ മാനിന്റെ ശരീരത്തിലുള്ള ചെള്ള് പോലുള്ള സൂക്ഷ്മജീവികൾ കടിക്കുന്നതുമൂലം ഇവിടെ ത്വക്ക് രോഗങ്ങൾ കാണുന്നുണ്ട്. മൊബൈൽ മെഡിക്കൽ യൂണിറ്റ് മുഖേന ഫാമിലെ ഓരോബ്ലോക്കിലും മെഡിക്കൽ ക്യാമ്പുകൾ നടത്തി ആവശ്യമായ മരുന്നുകൾ വിതരണം ചെയ്തു വരുന്നുണ്ട്. എല്ലാ കുടുംബങ്ങൾക്കും വീട് നിർമ്മിച്ചു നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 430 — 22. 03. 2010 ൽ മറുപടിയ്ക്ക്

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. യൂസഫ്<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. പി.കെ ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ പ്രവർത്തനം വിശദമാക്കുമോ; | (എ) തൊഴിൽ മേഖലയിലെ ത്രിതല കക്ഷികളായ സർക്കാർ, മാനേജ്മെന്റ്, തൊഴിലാളികൾ; തൊഴിലാളി നേതാക്കന്മാർ, വിവിധ വ്യവസായ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നീ വിഭാഗങ്ങൾക്ക് വേണ്ടി തൊഴിൽ അനുബന്ധ വിഷയങ്ങളിൽ പരിശീലന പരിപാടികളും, ശിൽപ്പശാലകളും, സെമിനാറുകളും, തൊഴിൽ മേഖലയിൽ ഗവേഷണവും നടത്തി വരുന്ന സ്ഥാപനമാണ് കിലെ. കൂടാതെ കോഴിക്കോടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം മാനേജ്മെന്റ് (ഐ.ഐ.റ്റി.എം) എന്ന സ്ഥാപനവുമായി സഹകരിച്ച് കേരളത്തിൽ കോഴിക്കോട്, കണ്ണൂർ, പത്തനംതിട്ട, തൃശൂർ, കൊല്ലം, കാഞ്ഞിരപ്പള്ളി, തിരുവനന്തപുരം (2) എന്നീ 8 കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഫ്രാഞ്ചൈസി സെന്ററുകളിൽ ഹോട്ടൽ മാനേജ്മെന്റിൽ ദ്വിവത്സര പി.ജി. ഡിപ്ലോമ, ദ്വിവത്സര ഡിപ്ലോമ, ഫാഷൻ ഡിസൈനിംഗിൽ ഏകവത്സര ഡിപ്ലോമ, പ്രൊഫഷണൽ കുക്കറി, റെസ്റ്റോറന്റ് ആന്റ് കൗണ്ടർ സർവ്വീസ് എന്നിവയിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവ നടത്തിവരുന്നു. തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം നൽകുന്നതിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി കിലെ-ഐ.ഐ. റ്റി.എം പ്രോജക്റ്റ് പ്രകാരമാണ് ഈ പരിപാടി നടപ്പിലാക്കിവരുന്നത് |

(ബി) നടപ്പുവർഷം കിലെ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) നടപ്പു വർഷം കിലെ 7 പരിശീലന പരിപാടി, 2 ശിൽപശാല, 2 ഓപ്പൺ ഫോറം, 1 സെമിനാർ, 1 ചർച്ച എന്നിവയും, കൂടാതെ ഒരു എക്സിബിഷനിൽ പങ്കെടുക്കുകയും ചെയ്തു. കൂടാതെ ഈ വർഷം തൊഴിലും അനുബന്ധ വിഷയങ്ങളേയും മുൻ നിർത്തി രണ്ട് ഗവേഷണ പദ്ധതികൾ ആരംഭിക്കുകയും 10 പുതിയ ഗവേഷണ പദ്ധതികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(സി) തൊഴിലാളികൾ, ട്രേഡ് യൂണിയൻ നേതാക്കൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി എന്തെല്ലാം പരിശീലന പരിപാടികളാണ് കിലെ ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) തൊഴിലാളികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവർക്കായി തൊഴിൽ നിയമങ്ങൾ സംബന്ധിച്ച് റസിഡൻഷ്യൽ പരിശീലന പരിപാടികൾ, പൊതുമേഖല സ്ഥാപനങ്ങളിലെ മാനേജ്മെന്റ്, മിനിസ്റ്റീരിയൽ ജീവനക്കാർ, തൊഴിലാളികൾ എന്നിവർക്ക് തൊഴിൽ അനുബന്ധ വിഷയങ്ങളിൽ പരിശീലനം എന്നിവ നൽകാൻ ഭാവിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളെ മുൻനിർത്തിയുള്ള സെമിനാറുകൾ, ശിൽപശാലകൾ എന്നിവയും ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) തൊഴിലാളികളുടെ മക്കൾക്ക് വേണ്ടി മറ്റ് സ്ഥാപനങ്ങളുമായി സഹകരിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഉദ്ദേശമുണ്ട്. കോഴിക്കോടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം മാനേജ്മെന്റ് (ഐ.ഐ.റ്റി.എം) എന്ന സ്ഥാപനവുമായി സഹകരിച്ച് കേരളത്തിൽ കോഴിക്കോട്, കണ്ണൂർ, പത്തനംതിട്ട,തൃശൂർ, കൊല്ലം, കാഞ്ഞിരപ്പള്ളി, തിരുവനന്തപുരം (2) എന്നീ 8 കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഫ്രാഞ്ചൈസി സെന്ററുകളിൽ ഹോട്ടൽ മാനേജ് മെന്റിൽ ദ്വിവത്സര പി.ജി.ഡിപ്ലോമ, ദ്വിവത്സര ഡിപ്ലോമ, ഫാഷൻ ഡിസൈനിംഗിൽ ഏകവത്സര ഡിപ്ലോമ, പ്രൊഫഷണൽ കുക്കറിയിലും, റസ്റ്റോറന്റ് ആന്റ് കൗണ്ടർ സർവ്വീസിലും സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവ നടത്തി വരുന്നു. തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം നൽകുന്നതിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച കിലെ-ഐ.ഐ.റ്റി.എം. പ്രോജക്ട് പ്രകാരമാണ് ഈ പരിപാടി നടപ്പിലാക്കി വരുന്നത്. കൂടാതെ തൊഴിലാളികളുടെ മക്കൾക്ക് വേണ്ടി പ്രസ്തുത സ്ഥാപനവുമായി സഹകരിച്ച് പോർട്ട് ഫോളിയോ

| | | | |
|---|---|---|---|
| | | | മാനേജ്മെന്റിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നതിന് ഒരു പ്രൊപ്പോസൽ കിലെയുടെ പരിഗണനയിലുണ്ട്. |
| (ഇ) | തൊഴിൽ നിയമങ്ങളെ സംബന്ധിച്ചും തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചും സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുമോ ? | (ഇ) | സംഘടിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 431 22.03.2010-ൽ മറുപടിയ്ക്ക്

ഊർജ്ജ പ്രതിസന്ധി മറികടക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു. കുരുവിള | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) കഠിനമായ വരൾച്ച തുടരുന്നതിനാൽ ഈ വർഷം പവർ കട്ടും ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്തേണ്ട സ്ഥിതി വിശേഷം ഉണ്ടാകുമോ ; | (എ) കഠിനമായ വേനൽ ചൂട് കാരണം വൈദ്യുതി ആവശ്യകത വർദ്ധിച്ചതിനെ തുടർന്ന് പവർ ട്രേഡേഴ്സ്, പവർ എക്സചേഞ്ച് മുതലായവ വഴി പുറത്തു നിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങി നിയന്ത്രണങ്ങളേർപ്പെടുത്താതെ മുന്നോട്ട് പോകാനാണ് ബോർഡ് ശ്രമിച്ചു വരുന്നത്. ഇപ്രകാരം വാങ്ങുന്നതിന് വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അനുവാദം ലഭ്യമല്ലാത്തതിനാൽ വില താങ്ങാനാവാത്ത നിലയിലെത്തിയാൽ വൈദ്യുതി നിയന്ത്രണം വേണ്ടി വന്നേക്കാം. |
| (ബി) സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെയാണ്; | (ബി) **100/MW**/223 **Mu**ന്റെ കുറ്റ്യാടി അഡിഷണൽ എകസ്റ്റൻഷൻ പദ്ധതി 2010 ഏപ്രിൽ മേയ് മാസത്തോടെ പ്രവർത്തനക്ഷമമാക്കാൻ സർക്കാർ ലക്ഷ്യം വെയ്ക്കുന്നു. ഇപ്പോൾ പണി നടന്നു വരുന്ന ഏഴ് പദ്ധതികളിൽ നിന്നായി 111.5 **MW/422.85 Mu** സ്ഥാപിതശേഷി കൂടി കൂട്ടി ചേർക്കാൻ കഴിയും കൂടാതെ 83.75 **MW** ശേഷിയുള്ള എട്ട് പദ്ധതികൾ ടെൻഡർ ചെയ്തു. തുടർന്ന് ടെൻഡർ ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഉൾപ്പെടെയുള്ള പട്ടിക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ മേഖലയിൽ എത്ര ചെറുകിട ജലവൈദ്യുത പദ്ധതികൾക്കാണ് അനുവാദം നൽകിയിരിക്കുന്നത്; അവ ഏതൊക്കെയാണ്; | (സി) | 13 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കാണ് നിർമ്മാണാനുമതി നല്കിയിരിക്കുന്നത് ഇവയുടെ വിവരങ്ങൾ അനുബന്ധം 2 ൽ ക്കൊടുത്തിരുക്കുന്നു. |
| (ഡി) | കൂടുതൽ പദ്ധതികൾക്ക് അനുവാദം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) | സർക്കാരിന്റെ പ്രഖ്യാപിത ഗൈഡ് ലൈൻ അനുസരിച്ചാണ് പദ്ധതികൾക്ക് അനുവാദം നൽകുന്നത്, കേന്ദ്ര വൈദ്യുതി നിയമം 2003 ആണ് അടിസ്ഥാനം. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അംഗീകാരവും ഈ നിയമപ്രകാരം ആവശ്യമാണ്. കൂടുതൽ പദ്ധതികൾ സ്വകാര്യ സംരംഭകർ വഴി നടപ്പിൽ വരുത്തുവാൻ സർക്കാർ ലക്ഷ്യം വയ്ക്കുന്നു. ഇവ കൂടാതെ സംസ്ഥാന സർക്കാർ സ്വകാര്യ സംരംഭകർക്ക് അനുവദിച്ചിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധം 3 ആയി ചേർക്കുന്നു. |

S. Malathy

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 432 | 22.03.2010 ൽ മറുപടിക്ക്

## സഹകരണ ലൈബ്രറികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) സഹകരണ സ്ഥാപനങ്ങളോടനുബന്ധിച്ച് ആരംഭിച്ച ലൈബ്രറികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള ലൈബ്രറികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി പുസ്തക വിതരണം ത്വരിതപ്പെടുത്തുന്നതിനായി ഒരാളെ ചുമതലപ്പെടുത്തുകയും ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകുയും ചെയ്തിട്ടുണ്ട്. സഹകരണ ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2009 ജൂൺ മാസം, 11-ാം തീയതി എറണാകുളത്ത് വച്ച് സഹകരണ ലൈബ്രറി കോൺഗ്രസ് സംഘടിപ്പിക്കു കയുണ്ടായി. |
| ബി) ഇതിനകം എത്ര സഹകരണ സംഘങ്ങളിൽ ലൈബ്രറി ആരംഭിച്ചിട്ടുണ്ട്; | ബി) സംസ്ഥാനത്തെ 2274 സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. |
| സി) ലൈബ്രറിയുടെ പ്രയോജനം കൂടു തൽ പേർക്ക് ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിക്കുമോ; | സി) കൂടുതൽ പേർക്ക് സഹകരണ ലൈബ്രറികളുടെ പ്രയോജനം ലഭ്യമാക്കുന്നതിനായി പുസ്തക വിതരണത്തിനായി ഒരാളെ ചുമതലപ്പെടുത്താൻ സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) സഹകരണ ലൈബ്രറികൾക്ക് ഏതെങ്കിലും ഏജൻസികളിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോ; | ഡി) എസ്.പി.സി.എൻ-ൽ നിന്നും പുസ്തകം വാങ്ങിച്ചിട്ടുള്ള ലൈബ്രറികൾക്കു അവർ വാങ്ങിയ പുസ്തകത്തിന്റെ 50 ശതമാനം വിലയ്ക്കുള്ള പുസ്തകങ്ങൾ ഗ്രാന്റായി നവരത്നം ലോട്ടറി ഫണ്ടിൽ നിന്നും സർക്കാർ നല്കിയിട്ടുണ്ട്. |
| ഇ) സഹകരണ ലൈബ്രറികൾ സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേഷൻ നേടാൻ നടപടി സ്വീകരിക്കുമോ? | ഇ) സഹകരണ ലൈബ്രറികളെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റ് ചെയ്യുന്നതിന് 1989 ലെ കേരള പബ്ലിക് ലൈബ്രറീസ് ആക്ടിലും (സെക്ഷൻ 28) അതോടനുബന്ധിച്ച് പാസ്സാക്കിയിട്ടുള്ള 1991 ലെ കേരള പബ്ലിക് ലൈബ്രറീസ് ചട്ടത്തിലെ ചട്ടം 4(എ.എൽ)ലും വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. [illegible] മാനദണ്ഡങ്ങൾ പാലിച്ച് അഫിലിയേഷൻ നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Rajendran

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
14-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 433 22.3.2010-ൽ മറുപടി

## കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള പരിശീലന പദ്ധതികൾ

ചോദ്യം ഉത്തരം

ശ്രീമതി.കെ.കെ. ലതിക
ശ്രീ. കെ.കെ.ദിവാകരൻ
ശ്രീ. എ.സി.മൊയ്തീൻ
ശ്രീ.എം.എം.മോനായി
ശ്രീ.മുരളി പെരുനെല്ലി.

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിലെ ഡ്രൈവർമാർ, കണ്ടക്ടർമാർ, ഇൻസ്പെക്ടർമാർ എന്നിവർക്ക് പരിശീലന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കെ.എസ്.ആർ.ടി.സി യിൽ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എല്ലാ വിഭാഗം ജീവനക്കാർക്കും വിവിധ തരത്തിലുള്ള ട്രെയിനിംഗുകൾ നൽകുന്നുണ്ട്. കോർപ്പറേഷനിൽ നിലവിലുള്ള എല്ലാ ഡ്രൈവർമാർക്കും, കണ്ടക്ടർമാർക്കും, ഇൻസ്പെക്ടർമാർക്കും 2009-ൽ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ പുതിയതായി നിയമിക്കുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും ട്രെയിനിംഗ് നൽകിയ ശേഷമാണ് ഡ്യൂട്ടിക്കു നിയോഗിക്കുന്നത് നിലവിലുള്ള ജീവനക്കാരിൽ പ്രമോഷൻ ലഭിക്കുന്നവർക്കും വേണ്ടത്ര പരിശീലനം നൽകിയ ശേഷമാണ് ഡ്യൂട്ടിക്കു നിയോഗിക്കുന്നത്. പി.എസ്.സി. മുഖാന്തിരം തെരഞ്ഞെടുത്ത റിസർവ്വ് ഡ്രൈവർമാർക്കു പരിശീലനം പൂർത്തിയായി കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | റിസർവ്വ് കണ്ടക്ടർമാരുടെ പരിശീലന പരിപാടി സ്റ്റാഫ് ട്രെയിനിംഗ് സെന്റർ ഉൾപ്പടെ കേരളത്തിലെ പത്ത് സെന്ററുകളിൽ നടന്നുകൊണ്ടിരിക്കുന്നു. സർവ്വീസ് നടത്തുന്ന വേളയിൽ ഡ്രൈവർമാരുടെ ഡ്രൈവിംഗ് രീതികൾ പരിശോധിക്കുന്നതിന് ഡ്രൈവർ ട്രെയിനിമാരേയും കണ്ടക്ടർമാരുടെ പൊതുജനങ്ങളോടുള്ള പെരുമാറ്റവും ഡ്യൂട്ടി ചെയ്യുന്ന രീതിയും നിരീക്ഷിക്കുന്നതിന് ഇൻസ്പെക്ടർമാരേയും നിയോഗിച്ചിട്ടുണ്ട്. അവർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപാകതകൾ ഉള്ളവർക്ക് കറക്ടീവ് ട്രെയിനിംഗും നൽകി വരുന്നുണ്ട്. കൂടാതെ അപകടത്തിൽ പെടുന്ന ഡ്രൈവർമാരെ കറക്ടീവ് ട്രെയിനിംഗ് കൗൺസിലിംഗ് ഉൾപ്പടെയുള്ള ട്രെയിനിംഗുകൾ നൽകിയ ശേഷമാണ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സി ബസ്സുകൾ ഉൾപ്പെടുന്ന അപകടങ്ങളിൽ കുറവുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | മുൻ കാലങ്ങളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി ബസ്സുകൾ ഉൾപ്പെടുന്ന അപകടങ്ങളുടെ നിരക്കിൽ കുറവുണ്ടായിട്ടുണ്ട്. വിശദമായ കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ബസ്സുകൾക്കും തേഡ് പാർട്ടി ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി യുടെ എല്ലാ ബസ്സുകൾക്കും തേർഡ് പാർട്ടി ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി യിൽ നിലവിൽ 2,353 ബസ്സുകൾക്ക് ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയുമായി ഇൻഷ്വറൻസ് പരിരക്ഷയുണ്ട്. ഇവയിൽ 1,595 ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് പരിരക്ഷയും, 758 |

| | | | |
|---|---|---|---|
| | | | ബസ്സുകൾക്ക് കോംപ്രിഹെൻസീവ് ഇൻഷ്വറൻസും നിലവിലുണ്ട്. |
| (ഡി) | പുതുതായി നിരത്തിലിറക്കുന്ന എല്ലാ ബസ്സുകൾക്കും പരിപൂർണ്ണ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ഡി) | നിലവിൽ ഇറങ്ങുന്ന എല്ലാ ബസ്സുകൾക്കും തേർഡ് പാർട്ടി ഇൻഷ്വറൻസ് ഏർപ്പെടുത്തി വരികയായിരുന്നു. എന്നാൽ ഇൻഷ്വറൻസ് കമ്പനി കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് ഇനിമേൽ തേർഡ് പാർട്ടി ഇൻഷ്വറൻസ് നൽകാൻ കഴിയുകയില്ല എന്നറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നിയമ നടപടികൾ കൈക്കൊണ്ടുവരികയാണ്. |
| (ഇ ) | മോട്ടോർ ആക്സിഡന്റ് കേസ്സുകൾ ഫലപ്രദമായി നടത്താൻ സംവിധാനം ഏർപ്പെടുത്തുമോ? | (ഇ) | ഉണ്ട്. സ്റ്റാൻഡിംഗ് കൗൺസിൽമാരുടെ ഒഴിവുകൾ നികത്തുകയും, എം.എ.സി.റ്റി. സെന്ററുകളുടെ അടുത്തുള്ള എല്ലാ കെ.എസ്.ആർ.ടി.സി യൂണിറ്റുകളിലും സ്യൂട്ട് അസിസ്റ്റന്റുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അപകട നിയന്ത്രണ നിരീക്ഷണ വിഭാഗം ചീഫ് ഓഫീസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. എം.എ.സി.റ്റി. കോടതികളുടെ അനുമതിയോടെ പ്രതിമാസ അദാലത്തുകൾ നടത്തി കേസ്സുകൾ ഒത്തു തീർപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# Road Accidents
# 2005-2009

| Year | KSRTC | | | | | |
|---|---|---|---|---|---|---|
| | Total Accidents(#) | Avg Bus Optd | Accidents per 1000 Buses | Kilometre Optd (in lakhs) | Accidents per 1 lakh Km |
| 2005 | 1326 | 3706 | 358 | 4424 | 0.30 |
| 2006 | 1083 | 3629 | 298 | 4292 | 0.25 |
| 2007 | 880 | 3491 | 252 | 4106 | 0.21 |
| 2008 | 944 | 3885 | 243 | 4615 | 0.20 |
| 2009 | 951 | 4328 | 220 | 5146 | 0.18 |

# Cases of Accidents in which KSRTC is the prime accused as per State Crime Records Bureau.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 434

22.3.2010-ൽ മറുപടിക്ക്

## വാഹനങ്ങൾക്ക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് കുറ്റമറ്റതാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. ജോസ് തെറ്റയിൽ<br>ഗതാഗത വകുപ്പുമന്ത്രി | |
| എ) | വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കുമോ; | എ) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുവാനുള്ള അപേക്ഷയും അതിനായി നിഷ്കർഷിച്ചിട്ടുള്ള ഫീസും വാഹനത്തിന്റെ ഒറിജിനൽ റിക്കോർഡുകൾ സഹിതം വാഹനപരിശോധനാസമയത്ത് ഇൻസ്പെക്ടർമാർക്ക് സമർപ്പിക്കേണ്ടതും അപ്രകാരം ഹാജരാക്കുന്ന വാഹനങ്ങളുടെ വിവിധ ഘടകങ്ങൾ ദൃശ്യപരിശോധന നടത്തിയും വാഹനം ഓടിച്ചുനോക്കിയുമാണ് ഫിറ്റ്നസ് ഉറപ്പാക്കുന്നത്. നിലവിൽ മറ്റു സംവിധാനങ്ങൾ ഒന്നുമില്ല. |
| ബി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനായുള്ള വാഹന പരിശോധനയിൽ കാലതാമസവും അഴിമതിയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കുന്നത് കാലതാമസം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അഴിമതി നടക്കുന്നതായ പരാതികളും വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതിപരിഗണനയിലുണ്ടോ; | സി) | വാഹനപരിശോധന കുറ്റമറ്റതാക്കുന്നതിന് കമ്പ്യൂട്ടർ വൽകൃത പരിശോധനാ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |
| ഡി) | വാഹനപരിശോധനയിലെ പോരായ്മകൾ ഒഴിവാക്കുന്നതിന് കമ്പ്യൂട്ടർ നിയന്ത്രിത വാഹനപരിശോധനാ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | ഡി) | |
| ഇ) | ഏതെല്ലാം കേന്ദ്രങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തുമെന്ന് വെളിപ്പെടുത്തുമോ? | ഇ) | ആദ്യത്തെ കേന്ദ്രം കോഴിക്കോടിനടുത്ത് ചേവായൂരിൽ സ്ഥാപിക്കുന്നതിനാണ് പദ്ധതിയിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 435 22.03.2010-ൽ മറുപടിയ്ക്ക്

നഗരങ്ങളിലെ വൈദ്യുതി ശ്യംഖല മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.പി അബ്ദുള്ളക്കുട്ടി<br>ശ്രീ. പി ജയരാജൻ<br>ശ്രീ. പി . സാജുപോൾ<br>ശ്രീ. വി . ശിവൻകുട്ടി | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) റീസ് ട്ര ക്ചേർഡ് എ. പി. ഡി. ആർ. പി. സ്കീമിൽ നഗരങ്ങളിലെ വൈദ്യുതി ശ്യംഖല മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (എ) നഗരങ്ങളിലെ വൈദ്യുത ശ്യംഖല മെച്ചപ്പെടുത്തുന്നതിനുള്ള 43 പദ്ധതികൾ റീസ്ട്രക്ചേർഡ് എ.പി.ഡി.ആർ.പി. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം നഗരങ്ങളിലാണ് ഇത് നടപ്പിലാക്കുന്നത് ; | (ബി) തിരഞ്ഞെടുക്കപ്പെട്ട 43 നഗരങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. നഗരങ്ങളുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) പദ്ധതി പ്രകാരം ഏതെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്; | (സി) പദ്ധതിയിൽ പാർട്ട് (എ) യും പാർട്ട് (ബി) യും ഉണ്ട്. പാർട്ട് ( എ) യുടെ ഭാഗമായ ഐടിയും അനുബന്ധ പണികൾക്കും ഉള്ള ഏജൻസിയെ നിയമിക്കുവാനുള്ള ടെൻഡറിംഗ് പണികൾ പുരോഗമിക്കുന്നു. പാർട്ട് (ബി) പദ്ധതിക്കായുള്ള വിശദമായ പദ്ധതികുറിപ്പുകൾ പവർ ഫിനാൻസ് കോർപ്പറേഷൻെറ അനുമതിയ്ക്കു വേണ്ടി തയ്യാറാക്കി വരുന്നു. |
| (ഡി) നഗര വൈദ്യുതീകരണം മെച്ചപ്പെടുത്തുന്നതിനായി എത്ര കോടി രൂപയുടെ കേന്ദ്ര സഹായം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ; | (ഡി) നഗര വൈദ്യുതീകരണം മെച്ചപ്പെടുത്തി ഊർജ്ജത്തിൻെറ സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുന്നതിനായി ഏകദേശം 1000 കോടി രൂപയുടെ പദ്ധതികളുടെ രൂപ |

| | | | |
|---|---|---|---|
| | | | രേഖകൾ തയ്യാറാക്കി വരുന്നു. ഇതിൽ 50% കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു. |
| (ഇ) | പദ്ധതി എല്ലാ നഗരങ്ങളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത് |

S. Sreelatha

സെക്ഷൻ ഓഫീസർ

Annexure

| Sl no | Name of Town/project |
|---|---|
| 1 | Alappuzha |
| 2 | Aroor |
| 3 | Attingal |
| 4 | Chalakudy |
| 5 | Changanacherry |
| 6 | Cherthala |
| 7 | Chittur -Tattamangalam |
| 8 | Chokli-Peringathur |
| 9 | Ernakulam/Kochi |
| 10 | Guruvayur |
| 11 | Kanhangad |
| 12 | Kannur |
| 13 | Kasaragod |
| 14 | Kayamkulam |
| 15 | Kodungallur |
| 16 | Kollam |
| 17 | Kothamangalam |
| 18 | Kottayam |
| 19 | Koyilandy |
| 20 | Kozhikode |
| 21 | Kunnamkulam |
| 22 | Malappuram |
| 23 | Mattannur |
| 24 | Nedumangad |
| 25 | Neyyattinkara |
| 26 | Ottapalam |
| 27 | Palakkad |
| 28 | Pappinissery |
| 29 | Paravur |
| 30 | Pathanamithitta |
| 31 | Payyanur |
| 32 | Perinthalmanna |
| 33 | Ponnani |
| 34 | Punalur |
| 35 | Shoranur |
| 36 | Thaliparamba |
| 37 | Thiruvalla Urban Area |
| 38 | Thiruvananthapuram** |
| 39 | Thodupuzha |
| 40 | Thrissur |
| 41 | Tirur |
| 42 | Vadakara |
| 43 | Varkala |
| | ~~Total~~ |

S. Lalitha
Section Officer.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:436** — **22.03.2010 - ൽ മറുപടിയ്ക്ക്**

# സഹകരണ ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ ഇളവ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ജി.കാർത്തികേയൻ**<br>**ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ.എം.മുരളി** | **ശ്രീ.ജി.സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പു മന്ത്രി)** |
| (എ) സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഒഴിച്ച് സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന മറ്റേതെങ്കിലും ബാങ്കിന് ഷെഡ്യൂൾഡ് ബാങ്ക് പദവി ഉണ്ടോ; എങ്കിൽ മറ്റേതെല്ലാം സഹകരണ ബാങ്കുകൾക്കാണ് ഷെഡ്യൂൾഡ് പദവിയുള്ളത് ; | (എ) സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഒഴിച്ച് സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന മറ്റൊരു ബാങ്കിനും ഷെഡ്യൂൾഡ് പദവിയില്ല. |
| (ബി) പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് നൽകുന്ന വായ്പക്ക് പഠനകാലത്ത് പലിശ നൽകേണ്ടതില്ലെന്ന കേന്ദ്ര ഗവൺമെന്റ് തീരുമാനം ഷെഡ്യൂൾഡ് ബാങ്കുകൾ നൽകുന്ന വായ്പകൾക്ക് മാത്രമാണോ ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് നൽകുന്ന വായ്പക്ക് പഠനകാലത്ത് പലിശ നൽകേണ്ടതില്ലെന്ന കേന്ദ്ര ഗവൺമെന്റ് തീരുമാനം ഷെഡ്യൂൾഡ് ബാങ്കുകൾ നൽകുന്ന വായ്പകൾക്കാണ് ബാധകമായിട്ടുള്ളത്. |
| (സി) ഷെഡ്യൂൾഡ് ബാങ്ക് എന്ന പദവിയില്ലാത്ത സഹകരണ ബാങ്കുകളിൽ നിന്നും പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് വായ്പ എടുത്തവർക്ക് പഠനകാലത്തേക്ക് പലിശ സബ്സിഡി നൽകുവാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ? | (സി) പലിശ സബ്സിഡി നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് നൽകുന്ന വായ്പക്ക് പഠനകാലത്ത് പലിശ നൽകേണ്ടതില്ലെന്ന കേന്ദ്ര ഗവൺമെന്റ് തീരുമാനം ഷെഡ്യൂൾഡ് ബാങ്കുകൾ നൽകുന്ന വായ്പകൾക്കാണ് ബാധകമായിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : **437** **22.03.2010** ൽ മറുപടിയ്ക്ക്

## വൈദ്യുതി ചാർജ്ജിലും കുടിശ്ശികയിലും അനുവദിച്ചിട്ടുള്ള ഇളവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സി. കുഞ്ഞിരാമൻ<br>ശ്രീ . പി. പി. അബ്ദുള്ളക്കുട്ടി.<br>ശ്രീ. സി. എം. ദിനേശ് മണി<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ദുർബ്ബല വിഭാഗങ്ങൾക്കു വൈദ്യുതി കണക്ഷൻ നൽകുന്നതിനും കുടിശ്ശിക ഈടാക്കുന്നതിലും എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. 500 വാട്ട്സിൽ താഴെ കണക്ടഡ് ലോഡ് ഉള്ളതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതുമായ ഉപഭോക്താക്കൾക്കും 1000 വാട്ട്സിൽ താഴെ കണക്ടഡ് ലോഡ് ഉള്ള പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കും വൈദ്യുതി കണക്ഷൻ അപേക്ഷിക്കുന്ന മുറയ്ക്ക് തന്നെ നൽകുവാൻ തീരുമാനിച്ചു. പട്ടികവർഗ്ഗ കോളനികളിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എഴുതിത്തള്ളുകയും വിച്ഛേദിച്ച കണക്ഷനുകൾ പുനഃസ്ഥാപിക്കുവാൻ തീരുമാനി ക്കുകയും ചെയ്തു. |
| (ബി) നടപ്പുവർഷം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് സൗജന്യ പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ നൽകി എന്ന് വെളിപ്പെടുത്തുമോ; | (ബി) ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 57,140 ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. |

(സി) കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ചാർജ്ജിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കേരള സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് 2007 നവംബർ 27 ൽ ആധികാരികമായി പ്രസിദ്ധപ്പെടുത്തിയ കേരള സർക്കാർ ഗസറ്റ് (അസാധാരണം) നം.2148 പ്രകാരം കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുത ചാർജ്ജിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

പ്രസ്തുത ഗസറ്റ് ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗുണഭോക്തൃ സമിതികൾ, ജലനിധി, ജലധാര, സുജലധാര തുടങ്ങിയതും അതുപോലുള്ളതുമായ ജലവിതരണ സൊസൈറ്റികൾ എന്നിവയ്ക്ക് കീഴിൽ വരുന്ന ജലവിതരണ പദ്ധതികളിൽ ഗാർഹിക ആവശ്യത്തിനു മാത്രമായി ജലം പമ്പ് ചെയ്യാൻ ഉപയോഗിക്കുന്ന വൈദ്യുതി ഗാർഹിക താരിഫിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ ലക്ഷം വീട് സെറ്റിൽമെൻറ് കോളനികളിലെ കുടിവെള്ള പദ്ധതികൾ, എം.പി., എം.എൽ.എ., ജനകീയാസൂത്രണ പദ്ധതികൾ, ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളതും ഗാർഹികാവശ്യത്തിന് മാത്രം ജലം ഉപയോഗപ്പെടുത്തുന്നതുമായ എല്ലാ സാമൂഹ്യ കുടിവെള്ള വിതരണ പദ്ധതികളെയും ഗാർഹിക താരിഫിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇത്തരം പദ്ധതികളിൽ വൈദ്യുത ചാർജ്ജ് ഈടാക്കുന്ന വിധം ചുവടെ ചേർത്തിരിക്കുന്നു.

(a) ആളോഹരി ഉപഭോഗം കണക്കാക്കുവാൻ മൊത്തം ഉപഭോഗത്തെ ഗുണ

ഭോക്താക്കളുടെ എണ്ണം കൊണ്ട് ഭാഗിച്ച് എടുക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആളോഹരി ബില്ല് തുക കണക്കാക്കും.

(b) ഇപ്രകാരം ലഭിക്കുന്ന ആളോഹരി ബിൽ തുകയെ മൊത്തം ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിച്ച് പദ്ധതിയുടെ മൊത്തം വൈദ്യുത ബിൽ തുക കണക്കാക്കുന്നതാണ്.

(ഡി) പൂട്ടിക്കിടന്ന വ്യവസായ സ്ഥാപനങ്ങൾ തുറക്കുന്നതിന് സാഹചര്യമൊരുക്കുന്നതിനായി വൈദ്യുതി കുടിശ്ശിക ഇനത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ?

(ഡി) പൂട്ടിക്കിടന്ന വ്യവസായ സ്ഥാപനങ്ങൾ തുറക്കുന്നതിന് സാഹചര്യം ഒരുക്കുന്നതിനായി 06.07.2009 ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി) നം.161/2009/PD പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 31.03.2010 ന് മുമ്പ് തുറന്ന് പ്രവർത്തിക്കുന്ന ലോ ടെൻഷൻ വിഭാഗത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾ, പ്ലാൻേറഷൻ എന്നിവയുടെ പൂട്ടിക്കിടന്ന കാലയളവിലെ ഫിക്സഡ് ചാർജ്ജും ഹൈടെൻഷൻ വിഭാഗത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾ പ്ലാൻേറഷനുകൾ എന്നിവയുടെ പൂട്ടിക്കിടന്ന കാലയളവിലെ മിനിമം ഡിമാൻറ് തുകയും ഒഴിവാക്കി നൽകുന്നതാണ്. ഈ ഉത്തരവ് പ്രകാരം എച്ച്.ടി. വിഭാഗത്തിൽ തുറന്ന് പ്രവർത്തിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനം ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലാണ്.

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *438:** **22.3.2010 ന് മറുപടിയ്ക്ക്**

## *ഐ.ടി.ഐ. കളിലെ അടിസ്ഥാന സൗകര്യ വികസനം*

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. കെ.കെ. ജയചന്ദ്രൻ:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ:<br>ശ്രീ. എ. പ്രദീപ് കുമാർ: | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഐ.ടി.ഐ. കളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ഐ.റ്റി.ഐ. കളിലെ അടിസ്ഥാന സൗകര്യം വിക സിപ്പിക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്ന യന്ത്രോ പകരണങ്ങൾക്കു പകരം നൂതനവും കാലാനുസൃതവു മായ യന്ത്രസാമഗ്രികൾ സ്ഥാപിക്കുക, നിലവിലുള്ള കെട്ടിടം നവീകരിക്കുക, പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം അധിക സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്; | (ബി) ഐ.റ്റി.ഐ കളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റു ന്നതിന്റെ ഭാഗമായി അത്യാധുനിക യന്ത്രസാമഗ്രികൾ സം രിക്കുകയും പുതിയ കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര ങ്ങളും ഉണ്ടാക്കുകയും നിലവിലുള്ളവ നവീകരിക്കുകയു ചെയ്തിട്ടുണ്ട്. മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തിര ഞ്ഞെടുക്കപ്പെട്ട ഐ.ടി.ഐ. കളിലെ ട്രെയിനികൾക്ക് ഒര വർഷം 6 ബ്രോഡ് ബേസ്ഡ് ബേസിക് ട്രെയിനിംഗ (ബി.ബി.ബി.ടി) മൊഡ്യൂളിലും അതിനുശേഷം അഡ്വാന് സ്ഡ് മൊഡ്യൂളിലും സ്ഥാപനത്തിൽ തന്നെ ട്രെയിനിംഗ നൽകുന്നതിനു പുറമേ തുടർന്നുള്ള ആറുമാസക്കാല വ്യവസായ ശാലകളിലും പരിശീലനം നൽകുന്നുണ്ട്. ട്രെയിനികളെ പരിശീലിപ്പിക്കുന്ന ഇൻസ്ട്രക്ടർമാർക്ക് നിര ന്തരം ഹ്രസ്വകാല കോഴ്സുകൾ മുഖാന്തിരം ഡയറക്ടർ ജന റൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗിന്റെ ഫീൽഡ ഇൻസ്റ്റിറ്റ്യൂട്ടിൽ ആധുനിക സാങ്കേതിക വിദ്യകളുമായ ബന്ധപ്പെട്ട പരിശീലനം നൽകിവരുന്നു. |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.ടി.ഐ. കളിൽ പുതുതായി ആരംഭിച്ച കോഴ്സുകൾ എന്തെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഴയ ട്രേഡുകൾക്ക് പുറമേ ചുവടെ ചേർത്തിട്ടുള്ള 12 നവീന ട്രേഡുകൾ പുതുയതായി ആരംഭിച്ചിട്ടുണ്ട്.

(1) ഇന്റീരിയർ ഡെക്കറേഷൻ ആന്റ് ഡിസൈനിംഗ്
(2) ഫാഷൻ ടെക്നോളജി
(3) മെക്കാനിക് ഓട്ടോ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്
(4) മെക്കാനിക് ലെൻസ് ആന്റ് പ്രിസം ഗ്രൈന്റിംഗ്
(5) ലിഫ്റ്റ് മെക്കാനിക്
(6) മെക്കാനിക് മെക്കാട്രോണിക്സ്
(7) ആർക്കിടെക്ചറൽ അസിസ്റ്റന്റ്
(8) ടൂറിസ്റ്റ് ഗൈഡ്
(9) ഡാറ്റാ എൻട്രി ഓപ്പറേറ്റർ
(10) മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്‌വെയർ
(11) മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ്
(12) നെറ്റ്‌വർക്ക് ടെക്നീഷ്യൻ

(ഡി) പഠനത്തിന് ആവശ്യമായ യന്ത്രോപകരണങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പഠനത്തിന് ആവശ്യമായ യന്ത്രോപകരണങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരി ച്ചുവരുന്നുണ്ട്.

(ഇ) സ്വന്തമായി കെട്ടിടമില്ലാത്ത ഐ.ടി.ഐ. കൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ?

(ഇ) ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്തു മാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *439** | **22.3.2010 ന് മറുപടിയ്ക്ക്**

### *കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ*

***ചോദ്യം.***

ശ്രീമതി. കെ.എസ്. സലീഖ:
ശ്രീ. ബി. രാഘവൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ബാബു എം. പാലിശ്ശേരി:
ശ്രീ. ആർ. സെൽവരാജ്:

***ഉത്തരം***

ശ്രീ. പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(എ) കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലയെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഈ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ആധുനിക ഡിസൈനുകൾ പരിചയപ്പെടുത്തുക, ആധുനിക ഡിസൈൻ സങ്കൽപ്പങ്ങൾ പ്രയോജനപ്പെടുത്തി ഉൽപ്പന്നങ്ങളുടെ രൂപ കല്പനയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിയും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ പശ്ചാത്തലമൊരുക്കിയും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് അവരെ പ്രാപ്തരാക്കുക അതുവഴി അവർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം നൽകുക എന്നിവ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻസിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. പുതിയ ഡിസൈനർമാരെ പരിശീലിപ്പിച്ചെടുക്കുന്നതിനും അവരുടെ സേവനം പ്രയോജനപ്പെടുത്തി കരകൗശല കൈത്തറി രംഗങ്ങളെ പരിപോഷിപ്പിക്കുന്നതിനും കെ.എസ്.ഐ.ഡി. ലക്ഷ്യമിടുന്നു.

(ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) കൊല്ലം ചന്ദനത്തോപ്പ് ഐ.ടി.ഐ. വളപ്പിൽ ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ച 4 ഏക്കർ സ്ഥലത്ത് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കരകൗശല കൈത്തറി രംഗങ്ങളിൽ വിദഗ്ധനായ ഒരു എക്സിക്യൂട്ടീവ് ഡയറക്ടറേയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിന് ആവശ്യമായ മറ്റ് ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. കരകൗശല രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കു വേണ്ടി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു.

(സി) ഇവിടെ എന്തെല്ലാം പരിശീലനങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) ഈറ, മുള പ്രകൃതിദത്ത നാരുകൾ, കളിമണ്ണ്, കൈത്തറി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ഇവിടെ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ടെക്സ്റ്റൈൽ, ഫോട്ടോഗ്രാഫി തുടങ്ങിയ രംഗങ്ങളിലും പരിശീലന പരിപാടികൾ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) കരകൗശല മേഖലയിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികൾക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പരിശീലന പദ്ധതികൾ ആസൂത്രണം ചെയ്യുമോ;

(ഡി) കരകൗശല മേഖലയിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികൾക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഭിമുഖ്യത്തിൽ പരിശീലന പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്.

(ഇ) ആധുനിക ഡിസൈൻ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

(ഇ) പരമ്പരാഗത കരകൗശല മേഖലയിലെ തൊഴിലാളികൾ നിർമ്മിക്കുന്ന ആധുനിക ഡിസൈൻ ഉത്പ്പന്നങ്ങൾക്ക് വിപണി കണ്ടെത്തി അവരെ സഹായിക്കുന്നതും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യമാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 440     22.03.2010 ൽ മറുപടിയ്ക്ക്**

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ :<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി:<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ:<br>ശ്രീ. പി. ജയരാജൻ: | ശ്രീ. എ.കെ. ബാലൻ<br>പട്ടികസമുദായക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി |
| (എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സാനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | **(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) ഹോസ്റ്റലുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (സി) സ്വീകരിച്ചിട്ടുണ്ട്. എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും സ്റ്റുഡന്റ്സ് കൗൺസിലർമാരെ നിയമിച്ചിരുന്നു. കമ്മ്യൂണിക്കേറ്റീവ്/സ്പോക്കൺഇംഗ്ലീഷിൽ പ്രത്യേക പരിശീലനം നല്കി. സയൻസ് ബാച്ച് അനുവദിച്ചിട്ടുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്രൊഫഷണൽ കോഴ്സിനുള്ള പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നല്കി വരുന്നു. വ്യക്തിത്വ വികസനം, തുടർ വിദ്യാഭ്യാസം, ഗൈഡൻസ് & കൗൺസിലിംഗ്, പരീക്ഷയ്ക്ക് ഭയം കൂടാതെ നന്നായി തയ്യാറെടുക്കൽ തുടങ്ങിയ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനത്തിന്റെ കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. കട്ടേല, ഞാറനീലി, വടശ്ശേരിക്കര, മൂന്നാർ, ചാലക്കുടി, മലമ്പുഴ, |

അട്ടപ്പാടി,പൂക്കോട്, നല്ലൂർനാട്,നൂൽപ്പുഴ, നിലമ്പൂർ, കണ്ണൂർ, കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും അട്ടപ്പാടി സ്കൂളിലും ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങൾക്ക് ശാസ്ത്രപോഷിണി ലാബ് ക്രമീകരിച്ചു. ഞാറനീലി സ്കൂളിൽ 698,540 രൂപ ചെലവിൽ ഇക്കോബയോ സിസ്റ്റം സ്ഥാപിച്ചു. എല്ലാം സ്കൂളുകളിലും ആവശ്യമായ ഫർണിച്ചർ വാങ്ങുകയും അധികമായി ആവശ്യമായ കമ്പ്യൂട്ടറുകൾ പ്രിന്റർ ഇവ വാങ്ങുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

തിരുവനന്തപുരം ജില്ലയിലെ ശ്രീ. അയ്യൻകാളി മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്പോർട്സ് സ്കൂളിലെ വിദ്യാർത്ഥികളുടെ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഓഡിയോ വിഷ്വൽ-കം-പെർഫോർമൻസ് അനലൈസിംഗ് ലബോറട്ടറി, കമ്പ്യൂട്ടർ സിസ്റ്റം എന്നിവ അനുവദിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിനായി ഹെൽത്ത് & ഫിറ്റ്നസ് സെന്റർ നിർമ്മിക്കുന്നതിന് 1229079 രൂപ അനുവദിച്ചിട്ടുണ്ട്. പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സ് വിദ്യാർത്ഥികൾക്കായി 1300000 രൂപ ചെലവഴിച്ച് രണ്ട് ക്ലാസ്സ് മുറികൾ നിർമ്മിച്ചു. ടി സ്കൂൾ വിദ്യാർത്ഥികളുടെ പ്രതിദിന മെസ്സ് ചാർജ്ജ് 40 രൂപയിൽ നിന്ന് 75 രൂപയായി വർദ്ധിപ്പിച്ചു. ടി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 3 ജോഡി സ്പോർട്സ് യൂണിഫോമും 3 ജോഡി സ്കൂൾ യൂണിഫോമും നൽകി വരുന്നു. കൂടാതെ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഇനം തിരിച്ച് ഓരോ ജോഡി യൂണിഫോമും നൽകി വരുന്നു. എല്ലാം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ മികച്ചതാക്കുന്നതിനായി സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കി. ഇതിനായി 1243368 രൂപ ചെലവഴിച്ചിട്ടുണ്ട്. കെമിസ്ട്രി, ഫിസിക്സ്, ബയോളജി എന്നീ വിഷയങ്ങൾക്ക് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി & എൻവയോൺമെന്റ് മുഖാന്തിരം എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും മാതൃകാ സയൻസ് ലബോറട്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആലുവ കീഴ്മാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്കായി സയൻസ് & ടെക്നോളജി എന്റർപ്രിണോൺഷിപ്പ് ഡെവലപ്മെന്റ് എന്ന സ്ഥാപനം വഴി വിവിധതരം തൊഴിലധിഷ്ഠിത പരിശീലനത്തിനായി ഒരു പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. എല്ലാം മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും നിലവിൽ നടന്നുവരുന്ന സ്കൂൾ ഹോസ്റ്റൽ 'ബ്ലോക്കുകളുടെയും ഓഫീസ്/ജീവനക്കാരുടെ താമസസ്ഥലം എന്നിവയുടെയും നിർമ്മാണ

പ്രവർത്തനങ്ങൾ 2010-11 വർഷത്തിൽ പൂർത്തീകരിക്കുന്നതാണ്.

| | |
|---|---|
| (ഡി) ഹോസ്റ്റലുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (ഡി) എല്ലാ പ്രീ മെട്രിക് ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണി, റീ വയറിംഗ്, അധിക സൗകര്യം ഏർപ്പെടുത്തൽ, ടോയ്ലറ്റ് ബ്ലോക്ക്, ശുദ്ധജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ തുടങ്ങിയ വിവിധ നവീകരണപ്രവർത്തനങ്ങൾ നടപ്പിലാക്കി. ഹോസ്റ്റലുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി എം.എൽ.എ. മാരടക്കം ജനപ്രതിനിധികൾ അടങ്ങുന്ന ഉപദേശക സമിതി രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു.<br>പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളെല്ലാംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഇവയുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി എ.സി.എ., എസ്.സി.എ ടു എസ്.സി.പി. ഫണ്ടുകളിൽ നിന്നും തുക ചെലവഴിക്കുന്നു. എല്ലാ പ്രീമെട്രിക് ഹോസ്റ്റലുകളിലെയും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യാനുസരണം ഫണ്ട് അനുവദിച്ചു വരുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത ഹോസ്റ്റലുകൾക്കും ഘട്ടംഘട്ടമായി കെട്ടിട നിർമ്മാണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ മെസ്ചാർജ്ജ് 1300 രൂപയായും 1500 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ വയ്ക്കാൻ -

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 441

22.03.2010- ലെ
മറുപടിക്ക്

# കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എം.കെ. പുരുഷോത്തമൻ**<br>**ശ്രീ. ആനത്തലവട്ടം ആനന്ദൻ**<br>**ശ്രീ. എ.എം. ആരിഫ്**<br>**ശ്രീ. സി.കെ. സദാശിവൻ**<br>**ശ്രീ. പി. വിശ്വൻ** | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പു മന്ത്രി)** |
| (എ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ; | (എ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്കായി ചുവടെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ജീവനക്ഷമമായ കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്ന പദ്ധതി പ്രകാരം 2006-07, 2008-09 വർഷങ്ങളിലായി 2382.69 ലക്ഷം രൂപ 505 സംഘങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് സംഘങ്ങൾ പരമാവധി തൊഴിൽദിനങ്ങൾ ലഭ്യമാക്കി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളുടെ ബാദ്ധ്യത ഒഴിവാക്കുന്നതിലേയ്ക്കായി 31/3/06- വരെയുളള സർക്കാർ വായ്പയും പലിശയും ഓഹരിയാക്കി മാറ്റുകയും പിഴ പലിശ എഴുതി തളളുകയും ചെയ്തു. എൻ സി ഡി സി വായ്പ ഓഹരിയാക്കി മാറ്റി പലിശ, പിഴപലിശ എഴുതി തളളി.<br>2. ചകിരി ക്ഷാമം പരിഹരിച്ച് ചകിരി ഉൽപ്പാദനത്തിനു സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിന് കയർ കമ്മീഷൻ ശുപാർശ പ്രകാരം 2009-10 വർഷം മുതൽ പുതിയ ഡീഫൈബറിംഗ് മില്ല് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സഹകരണ മേഖല, കുടുംബശ്രീ, സി ഡി എസ്, തദ്ദേശ സ്വയംഭരണ |

| | |
|---|---|
| | സ്ഥാപനങ്ങൾ എന്നിവ മുഖാന്തരം പുതിയ ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്ന പദ്ധതി, നിലവിലുള്ള ഡീഫൈബറിംഗ് മില്ലുകൾ പുനരുദ്ധരിക്കുന്ന പദ്ധതി, തൊണ്ട് സംഭരണ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ചകിരിക്ക് ക്ഷാമം നേരിട്ട സന്ദർഭത്തിൽ കയർഫെഡ് വഴി ചകിരി സംഭരിച്ചു ന്യായവിലയ്ക്ക് സംഘങ്ങൾക്ക് ലഭ്യമാക്കി.<br>3. ആഭ്യന്തര വിപണി ശക്തമാക്കി കയറുൽപ്പന്നങ്ങൾക്ക് കൂടുതൽ വിൽപന ലക്ഷ്യമാക്കി കയർഫെഡ്, ഫോമിൽ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവയുടെ ഉൽപ്പന്നങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ വിൽപന നടത്തി വരുന്നു.<br>4. കയർ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ഒരു പൊതു സംവിധാനത്തിനായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br>5. കയർ ഉൽപ്പന്നങ്ങൾക്ക് ചെറുകിട ഉൽപ്പാദകന് ന്യായ വില ലഭിക്കാനും തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ലഭിക്കുന്നതിനും ചെറുകിട ഉൽപ്പാദക സംഘങ്ങൾ രൂപീകരിക്കുകയും അവരുടെ ഉൽപ്പന്നങ്ങൾ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖാന്തിരം ക്രയവില സ്ഥിരതാ പദ്ധതിയിലൂടെ ഏറ്റെടുത്ത് കയറ്റുമതിക്കാർക്ക് നൽകി വരുന്നു. |
| (ബി) ഈ സർക്കാർ വന്ന ശേഷം കയർ തൊഴിലാളികൾക്ക് നൽകിയ വിവിധ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (ബി)<br>1. കയർ സഹകരണ സംഘങ്ങൾ തൊഴിലാളികൾക്ക് നൽകേണ്ട ത്രിഫ്റ്റ്, ഷെയർ എന്നിവ തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>2. കയർ കടാശ്വാസ പദ്ധതി ഏർപ്പെടുത്തി<br>3. 100/- രൂപ ആയിരുന്ന കയർതൊഴിലാളി പെൻഷൻ 1/4/09 മുതൽ 250/- രൂപയായി വർദ്ധിപ്പിച്ചു. 1/4/10 മുതൽ 300/- രൂപയായും വർദ്ധിപ്പിക്കും. കയർതൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നല്കി വരുന്ന എല്ലാ ആനുകൂല്യങ്ങളും മൂന്നിരട്ടിയിലധികം |

| | |
|---|---|
| | വർദ്ധിപ്പിച്ചു കുടിശ്ശികയില്ലാതെ നല്കി.<br>4. ഏറ്റവും കുറഞ്ഞത് 100/- രൂപയെങ്കിലും ദിവസ വേതനം ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു.<br>5. സംഘങ്ങളെ പുനരുദ്ധരിച്ചതിലൂടെ പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി. |
| (സി) കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം സജീവമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (സി) ഉണ്ട്. കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിച്ചതിലൂടെ കൂടുതൽ തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും ലഭ്യമാക്കി. മെച്ചപ്പെട്ട പരിശീലനവും പരിശീലനം ലഭിച്ചവർക്കെല്ലാം റാട്ടും ലഭ്യമാക്കി വരുന്നു. |
| (ഡി) കയർബോർഡ് വഴി നടപ്പാക്കുന്ന റിമോട്ട് പദ്ധതിയിൽ കയർ സഹകരണ സംഘങ്ങളെക്കൂടി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) റിമോട്ട് പദ്ധതി ഇന്ത്യ ഒട്ടാകെ കേന്ദ്ര സർക്കാർ കയർ ബോർഡ് വഴി നടത്തി വരുന്ന പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തേണ്ടത് കയർ ബോർഡാണ്. സഹകരണ സംഘങ്ങളെ റിമോട്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കയർ ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഇ) കയർ തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം നൽകിയ ആനുകൂല്യങ്ങൾ വിശദമാക്കുമോ; | (ഇ) കയർ കടാശ്വാസ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് അർഹത നിർണ്ണയിച്ചു വരുന്നു. ഈ പദ്ധതി പ്രകാരം ചെറുകിട ഉൽപ്പാദകന് 25,000/- രൂപ വരെ പരമാവധി ആനുകൂല്യം നൽകി വരുന്നു. കൂടാതെ സഹകരണ സംഘങ്ങൾക്ക് തൊഴിലാളികൾക്ക് 60 ദിവസമെങ്കിലും തൊഴിൽ നൽകിയതിന് ആനുപാതികമായി അവയുടെ കടം തീർക്കുന്നതിന് ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥയുണ്ട്. |
| (എഫ്) കയർ ഉൽപ്പന്നങ്ങളുടെ ന്യായവില ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്ന ക്രയവില സ്ഥിരതാപദ്ധതി പ്രകാരം ഉൽപ്പന്നങ്ങൾക്ക് ന്യായ വില നൽകി ശേഖരിച്ചു വരുന്നു. കൂടാതെ കയർ ഉല്പാദന ചെലവിനനുസരിച്ച് വില നൽകി സംഭരിക്കുവാൻ കയർഫെഡിന് വിലസ്ഥിരതാ ഫണ്ടിൽ നിന്ന് സഹായം നൽകി വരുന്നു.<br><br>**സെക്ഷൻ ഓഫീസർ** |

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 442 | 22.03.2010 ൽ മറുപടിയ്ക്ക്

## സി.എഫ്.എൽ. വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ഒരാൾക്ക് രണ്ട് സി.എഫ്.എൽ. എന്നതോതിൽ 75 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് സി.എഫ്.എൽ. വിതരണം ചെയ്യാൻ കെ. എസ്. ഇ. ബി. തീരുമാനിക്കുകയുണ്ടായോ; എങ്കിൽ എത്ര സി.എഫ്.എൽ. ഇതു പ്രകാരം വിതരണം ചെയ്തു; ഇതിലേക്ക് എത്ര രൂപ ചെലവായി? | (എ) ഒന്നരക്കോടി സി.എഫ്.എൽ. വിതരണ പദ്ധതി പ്രകാരം കേരളത്തിലെ 75 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് രണ്ട് സി.എഫ്.എൽ. വീതം വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കേരളത്തെ മൂന്ന് മേഖലകളായി തിരിച്ചാണ് (ദക്ഷിണ മേഖല, മദ്ധ്യ മേഖല, ഉത്തര മേഖല) ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ ദക്ഷിണ, മദ്ധ്യ മേഖലയിലെ സി.എഫ്.എൽ. വിതരണത്തിന്റെ ചുമതല എനർജി മാനേജ്മെന്റ് സെന്ററിനാണ്. ഉത്തരമേഖലയിൽ ആർട്ടിക്ഹോൾഡിംഗ്സ് എന്ന സ്ഥാപനത്തിനുമാണ്. നിയമസഭ കോംപ്ലക്സിൽ വച്ച് 15.03.2010 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സി.എഫ്.എൽ. നൽകി കൊണ്ട് ഇതിന് തുടക്കം കുറിക്കുകയുണ്ടായി. 2010 മാർച്ച് മാസം മുതൽ വിതരണം ആരംഭിച്ച് 2010 മേയ് മാസത്തിൽ വിതരണം പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒരു സി.എഫ്.എല്ലിന് 62.73/- രൂപ നിരക്കിൽ ഒന്നരക്കോടി സി.എഫ്.എല്ലിന് 94 കോടി രൂപയാണ് അടങ്കൽ തുക. ദക്ഷിണ മദ്ധ്യ മേഖലകളിൽ സി.എഫ്.എൽ. വിതരണം ചെയ്യാനുള്ള കരാർ, എനർജി മാനേജ്മെന്റ് സെന്റർ ഫിലിപ്പ്സ് കമ്പനിക്ക് ഒരു സി.എഫ്.എല്ലിന് 62.73/- രൂപ നിരക്കിൽ നൽകികഴിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) | പൊതുവിപണിയിലെ ഇതിന്റെ വില എത്രയാണ്; എത്ര രൂപയ്ക്കാണ് കെ.എസ്.ഇ.ബി. ഇത് വിതരണം ചെയ്യുന്നത്; | (ബി) | പൊതുവിപണിയിൽ 150/- രൂപയോളം വിലയുള്ള സി.എഫ്.എല്ലാണ് ഗാർഹിക ഉപഭോക്താവിന് 15/-രൂപ നിരക്കിൽ നൽകുന്നത്. ഇതോടൊപ്പം ഉപഭോക്താവ് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന രണ്ട് 60 വാട്ടിന്റെ സാധാരണ ബൾബ് കെ.എസ്. ഇ.ബിക്ക് നൽകുകയും വേണം. |
| (സി) | സി.എഫ്.എൽ. വിതരണം ചെയ്ത ജില്ലകളിൽ വിതരണത്തിന് മുമ്പുണ്ടായ വൈദ്യുതി ഉപയോഗവും വിതരണത്തിന് ശേഷമുണ്ടായ വൈദ്യുതി ഉപയോഗവും എത്രയെന്ന് പരിശോധിക്കുകയുണ്ടായോ; എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞു; | (സി) | ഈ പദ്ധതി നടപ്പിലാക്കിക്കഴിയുമ്പോൾ ഏകദേശം 200 മുതൽ 300 മെഗാവാട്ട് വരെ വൈദ്യുതി ലാഭിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.. |
| (ഡി) | സി.എഫ്.എല്ലിന്റെ ഗുണനിലവാരം സംബന്ധിച്ച പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാരമായി എന്തൊക്കെ നടപടി കൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | പരാതി ലഭിച്ചിട്ടില്ല. ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകാരമുള്ള സെൻട്രൽ പവ്വർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CPRI), Electrical Research and Development Association (ERDA) എന്നീ സ്ഥാപനങ്ങളിൽ സാംപിൾ ടെസ്റ്റ് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഫിലിപ്പ്സ് കമ്പനിക്ക് കരാർ നൽകിയിട്ടുള്ളത്. കൂടാതെ ഫാക്ടറിയിൽ നേരിട്ട് ഇൻസ്പെക്ഷൻ നടത്തി സി.എഫ്. എല്ലിന്റെ ഗുണമേൻമ ഉറപ്പ് വരുത്തുന്നുണ്ട്. വൈദ്യുതി ബോർഡിന്റെ TMR ലാബിൽ സാംപിൾ പരിശോധന നടത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു വർഷത്തെ ഗ്യാരണ്ടിയും സി.എഫ്.എൽ. ബൾബു കൾക്ക് ഫിലിപ്പ്സ് കമ്പനി ഉറപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 443 — 22-03-2010 -ൽ മറുപടിക്ക്.

## അബ്കാരി നയം

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>" കെ. സി. രാജഗോപാലൻ<br>" സാജു പോൾ<br>" ആർ. സെൽവരാജ്<br>" ബി.ഡി. ദേവസ്സി | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സർക്കാരിൻെറ അടുത്ത വർഷത്തേക്കുള്ള അബ്കാരി നയം രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) നിലവിലുള്ള അബ്കാരി നയത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുന്നത്; | (ബി) അബ്കാരി നയം 2010-11ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) കള്ളുഷാപ്പ് നടത്തിപ്പിൽ ബിനാമി സമ്പ്രദായം അവസാനിപ്പിക്കുമെന്ന് അബ്കാരി നയത്തിൽ വ്യക്തമാക്കുന്നുണ്ടോ; | (സി) ഉണ്ട്. |
| (ഡി) കള്ളുഷാപ്പുകളിൽ യഥാർത്ഥ കള്ളു തന്നെ വില്പന നടത്തുന്നു എന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ; | (ഡി) യഥാർത്ഥ കള്ളുതന്നെ വിൽപന നടത്തുന്നുവെന്ന് ഉറപ്പു വരുത്തണമെന്ന് എക്സൈസ് ഉദ്യോഗസ്ഥന്മാർക്കു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) വില കുറഞ്ഞ വിദേശമദ്യത്തിൻെറ ലഭ്യത ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) വില കുറഞ്ഞ മദ്യത്തിൻെറ ലഭ്യത ഉറപ്പു വരുത്തുന്നതിൻെറ ഭാഗമായി കെ.എസ്. ബി.സി. പരിമിതി ഇല്ലാത്ത തരത്തിൽ ഓർഡർ നൽകുകയും അത്തരത്തിൽ കോർപ്പറേഷൻ ആവശ്യമുള്ള വില കുറഞ്ഞ മദ്യം ലഭ്യമാക്കുകയും ചെയ്യുന്നു. കൂടാതെ TSCL -ൻെറ ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും, പുതിയ ബോട്ടിലിംഗ് യൂണിറ്റ് ആരംഭിച്ചും മറ്റൊരു സർക്കാർ സ്ഥാപനമായ മലബാർ ഡിസ്റ്റിലറീസിലും ബോട്ടിലിംഗ് യൂണിറ്റ് ആരംഭിച്ച് വിലകുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ

GOVERNMENT OF KERALA

Abstract

Taxes Department - Abkari Policy for the year 2010-2011 - Orders issued.

Taxes (G) Department

G.O. (Ms) No.55/2010/TD. Dated, Thiruvananthapuram, 05-03-2010.

Read :- 1. Letter No.XA1-28700/09/TD dated 28-01-2010 from the Commissioner of Excise, Thiruvananthapuram.

2. Letter No.KSBC/FM/40/09-10/511 dated 24-12-2009 from the M.D., K.S.B.C., Tvpm.

ORDER

Government have been following a consistent policy of protecting the Toddy Sector which is a traditional and job oriented industry. Government are committed to ensure that Toddy Shops function in hygienic conditions, and only pure toddy is sold through these shops. Government have also taken effective steps to avoid benamies from the Toddy Sector. As part of further improving this sector, Government propose to start Toddy Parlours in all districts. Steps taken by the Government to strengthen and reorganize district level administration of Excise Department have yielded good results. Transportation and sale of illicit liquor could be curbed considerably. Government have given additional powers to Assistant Excise Commissioners at the district level, and they are put in full charge of enforcement in the districts. Government propose to further strengthen enforcement by establishing new Ranges, posting additional personnel and providing new vehicles, arms, equipments etc., and ensure that sale of illicit liquor is fully put an end to.

2. To cope up with the requirements of time, the Abkari Act has been amended as recommended by Lalithambika Committee, and Government propose to make further amendments in the Act and Rules to improve the efficiency of the Excise Department.

3. With a view to discourage liquor consumption, Government have launched awareness programmes like magic shows, filming of documentaries etc., and they have been well received by the public. Government intend to launch more such programmes covering more sections of the society.

(P.T.O.)

## 4. Toddy

1. Toddy shops functioned during 2009-10 will be allowed to function in 2010-11 also. Toddy shops run by co-operative societies in the districts of Kasargode, Kannur, Kozhikode and Mamala, Perumbavoor and Piravom Ranges in Ernakulam District will be allotted to Worker's Co-operative Societies during 2010-11 as well.
2. Toddy shops will be sold in groups consisting of 5-7 shops. The unsold shops will be sold range-wise / thaluk-wise. If any shop still remained unsold, the same will be entrusted with worker's committee.
3. Rental of the Toddy Shops will remain the same as in 2009-10.
4. Preference will be given to those persons who were running Toddy Shops during 2009-2010.
5. Toddy Shops functioning in objectionable sites as per Government Orders, the building of which require repair will be allowed to be relocated to a new location provided such new location is within 50 mts. radius of the previous one. Toddy Shops which functioned till 2006-07 and which are sought to be relocated within 50 mts. radius of the previous site for carrying out repair to the building etc. will be deemed as functional during 2009-2010.
6. Minimum number of trees to be tapped for each Toddy Shop will be as follows:

| | | |
|---|---|---|
| Coconut trees | - | 50 |
| Palmyra | - | 100 |
| Choonda pana | - | 25 |

7. At present Toddy shops are sold and licenced in groups. Where one or more of the licensees die or abandon the shop, the other licensees in the group will be allowed to conduct the shop for the remaining period.
8. Provision will be made for paying the cost of liquor taken as sample under Abkari Act to the licensee.

(P.T.O.)

## 5. Foreign Liquor

1. All FL-3 licences not having the requisite star qualification and are functional during 2009-2010 will be regularized.
2. The date for payment of gallonage fee by the FL-9 licensee on the quantity of IMFL sold by the licensee is on or before the 10th day of April, Government proposes to give time till 10th May for making the payment by the FL-9 licensee.
3. The word 'sales' under the Rule 15 A of Foreign Liquor Rules will be amended so as to exclude:
    a. transfer of liquor from one FL-9 licence premises to another FL-9 licence premises of K.S.B.C.
    b. godown breakage in FL-9 licence premises.
4. Fee for FL 4 A Club licence will be enhanced from the present Rs.8 lakhs to Rs.15 lakhs. All other fees under the FL and Distillery and Ware House Rules will remain the same during 2010-2011.
5. In the Abkari Policy for the year 2008-09, it was decided that use of non-recyclable and non-biodegradable plastic bottles will be discontinued in a phased manner, and environment friendly, reusable glass bottles will be put in their place. It was also decided that to begin with, plastic bottles of 750 ml. will be discontinued from 01-04-2009. This period was extended upto 31-03-2010 in the Abkari Policy for the year 2009-10. In view of the shortage of glass bottles, Government now proposes to extend the above period till 31-03-2011.

By Order of the Governor,

P. MARA PANDIYAN,
Principal Secretary to Government.

To

1. The Commissioner of Excise, Thiruvananthapuram.
2. The Managing Director, Kerala State Beverages Corporation, Thiruvananthapuram.
3. The Accountant General (A & E / Audit), Kerala, Thiruvananthapuram.
4. The General Administration (SC) Department.(vide item No.4299 dated 03-03-2010.)
5. The Information and Public Relations Department (for giving wide publicity.)
6. S.F. / O.C.

Forwarded / By Order,

Section Officer.

Attested
5-3-

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 444 — 22.3.2010-ലെ മറുപടി

### ചരക്കുവാഹനങ്ങളുടെ വാടക നിരക്ക് നിശ്ചയിക്കുന്നതിന് നടപടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. ബാബു പോൾ | | | ശ്രീ. ജോസ് തെറ്റയിൽ<br>ഗതാഗത വകുപ്പുമന്ത്രി |
| എ) | ചരക്കുവാഹനങ്ങൾ യാതൊരു മാനദണ്ഡവും പാലിക്കാതെ അമിതമായി വാടക ഈടാക്കുന്നതും ഇതുമൂലം ബഹുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ചരക്ക് വാഹനങ്ങൾക്ക് വാടക നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | ബി) | നിലവിൽ വാടക നിരക്ക് നിശ്ചയിച്ചിട്ടില്ല. |
| സി) | ഇല്ലെങ്കിൽ ചരക്കുവാഹനങ്ങൾക്ക് നിശ്ചിത വാടക നിരക്ക് നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ; | സി) | പരിശോധിച്ചുവരുന്നു. |
| ഡി) | നിരക്കു നിശ്ചയിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | (സി, ഡി എന്നിവയ്ക്ക് ഒന്നിച്ച്) |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 445 | 22.03.2010 ൽ മറുപടിക്ക്

## സഹകരണസംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്ന ഭരണ ഘടനാ ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കൃഷ്ണ പ്രസാദ്<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ.സി. എം. ദിനേശ് മണി<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) സഹകരണസംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള ഭരണ ഘടനാ ഭേദഗതി സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ എന്നു വെളിപ്പെടുത്തുമോ; | എ) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം തേടിയിട്ടുണ്ട്. |
| ബി) പ്രസ്തുത ഭരണ ഘടനാഭേദഗതിയുടെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്നറിയാമോ; | ബി) ഭരണ ഘടനാ ഭേദഗതിയിൽ ചുവടെ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. ജനാധിപത്യ അംഗത്വ നിയന്ത്രണത്തിനനുസൃതമായും, അംഗങ്ങളുടെ സാമ്പത്തിക പങ്കാളിത്വത്തിലും, സ്വയംഭരണം ലക്ഷ്യമാക്കിയുമുള്ള സംഘങ്ങളുടെ രൂപീകരണം, നിയന്ത്രണം, പ്രവർത്തനം അവസാനിപ്പിക്കൽ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനും,<br>2. സംഘങ്ങളിലെ ഭരണ സമിതി അംഗങ്ങളുടെ പരമാവധി എണ്ണം 21 ആയി നിജപ്പെടുത്തികൊണ്ടും,<br>3. ഭരണസമിതികളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഒരു സീറ്റും വനിതകൾക്ക് 2 സീറ്റും സംവരണം ചെയതുകൊണ്ടുള്ള വ്യവസ്ഥയും.<br>4. ഭരണ സമിതി സംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 5 വർഷക്കാലം കാലാവധി നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥയും<br>5. സംഘം ഭരണ സമിതികളെ പിരിച്ചുവിടുന്നത്/സസ്പെൻഷൻ പരമാവധി 6 മാസത്തിലധികരിക്കാൻ പാടില്ലെന്ന് വ്യവസ്ഥപ്പെടുത്തികൊണ്ടും |

6. സ്വതന്ത്രമായ പ്രൊഫഷണൽ ആഡിറ്റ് നടത്തനുള്ള വ്യവസ്ഥ
7. അംഗങ്ങൾക്ക് വിവരങ്ങൾ നൽകാനുള്ള വ്യവസ്ഥ
8. സംഘം പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടുകളും കണക്കുകളും ലഭ്യമാക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകികൊണ്ടുള്ള വ്യവസ്ഥ
9. സഹകരണ സംഘങ്ങളിലെ കുറ്റങ്ങളെയും അവയ്ക്കുള്ള ശിക്ഷകളെയും പരാമർശിച്ചു കൊണ്ടുള്ള വ്യവസ്ഥ

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ഈ ഭേദഗതി എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | സി) | നിർദ്ദിഷ്ട ഭേദഗതിയിൽ നിലവിലുള്ള കേരള സഹകരണ സംഘം നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ള പല വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഭേദഗതി വ്യവസ്ഥകൾ കേരളത്തിലെ സഹകരണ സംഘങ്ങളെ പൊതുവേ ബാധിക്കുകയില്ലായെങ്കിലും ഭരണഘടനയിൽ സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തുന്നതുകൊണ്ട് എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടാകുമോയെന്ന് പരിശോധിച്ചു വരുന്നു. |
| ഡി) | സഹകരണ സ്ഥാപനങ്ങളുടെ മേൽ സംസ്ഥാനങ്ങൾക്കുള്ള നിയന്ത്രണം പൂർണ്ണമായും ഇല്ലാതാക്കുന്ന ഭരണഘടനാ ഭേദഗതി നിർദ്ദേശം പിൻവലിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | ഡി) | പരിശോധിച്ച് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

Rajendran

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 446 — 22.3.2010-ലെ മറുപടി

## ബന്ദിപ്പൂർ വനമേഖലയിലൂടെയുള്ള രാത്രികാല ഗതാഗത നിരോധനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. ജോസ് തെറ്റയിൽ<br>ഗതാഗത വകുപ്പുമന്ത്രി | |
| എ) | ബന്ദിപ്പൂർ വനമേഖലയിലൂടെയുള്ള രാത്രികാല ഗതാഗത നിരോധനം സംബന്ധിച്ച കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ; | എ) | ബന്ദിപ്പൂർ വനമേഖലയിലുടെയുള്ള രാത്രികാല ഗതാഗതം ബഹു. കർണ്ണാടക ഹൈക്കോടതി നിരോധിച്ചിരിക്കുകയാണ്. |
| ബി) | പ്രസ്തുത നിരോധനം അനന്തമായി നീളുന്ന സാഹചര്യം വന്നാൽ കേരളത്തിൽ നിന്നുള്ള യാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് എന്തൊക്കെ ബദൽ സംവിധാനങ്ങൾ കൈക്കൊള്ളും; വിശദാംശം ലഭ്യമാക്കുമോ; | ബി) | രാത്രികാല ഗതാഗതം നിരോധിച്ചതു മൂലം KSRTC-യുടെ തലശ്ശേരി, പയ്യന്നൂർ, കണ്ണൂർ യൂണിറ്റിലെ ബസുകൾ റൂട്ട് മാറ്റി മാന്തവാടി, കുട്ട വഴിയാണ് സർവ്വീസ് നടത്തുന്നത്. പുറമെ കോർപ്പറേഷന്റെ ഇതര യൂണിറ്റുകളിലെ മൈസൂർ, ബാംഗ്ലൂർ സർവ്വീസുകളുടെ സമയ ക്രമത്തിൽ മാറ്റവുംവരുത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത വനമേഖലയിലുടെയുള്ള രാത്രിയാത്രാ നിരോധനം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾമൂലം കെ.എസ്.ആർ. ടി.സി.ക്ക് ദിനംപ്രതി നാല് ലക്ഷം രൂപവരെ മലബാർ മേഖലയിൽ വരുമാനക്കുറവുണ്ടാകും എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. |
| ഡി) | എങ്കിൽ ആയത് പരിഹരിക്കാനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | ഡി) | രാത്രികാല ഗതാഗത നിരോധനം നീക്കിക്കിട്ടുന്നതിനായി സർക്കാരും KSRTC-യും ബഹു. കർണ്ണാടക ഹൈക്കോടതിയിൽ നിലവിലുണ്ടാ യിരുന്ന കേസിൽ കക്ഷിചേർന്ന് സ്റ്റേ നീക്കുന്നതിന്. പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. എന്നാൽ പ്രസ്തുത നിരോധനം ബഹു. |

കർണ്ണാടക ഹൈക്കോടതി ശരിവ
ച്ചുകൊണ്ട് അന്തിമവിധി പുറപ്പെ
ടുവിച്ചതിനാൽ നിരോധനം
നീക്കിക്കിട്ടുന്നതിനായി സുപ്രീം
കോടതിയിൽ അപ്പീൽ ഫയൽ
ചെയ്യുവാനും ഇക്കാര്യത്തിൽ
കേന്ദ്രസർക്കാരിനെക്കൂടി ഇടപെ
ടുത്തുന്നതിനുമായി സംസ്ഥാന
ത്തുനിന്നും ഒരു സർവ്വകക്ഷി
സംഘത്തെ കേന്ദ്രത്തിലേക്ക്
അയയ്ക്കുവാനും മന്ത്രിസഭാ
യോഗം തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 447

22-3-2010 - ൽ മറുപടിയ്ക്ക്

## പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയുള്ള പച്ചത്തേങ്ങ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| എ) പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | മിനിമം സപ്പോർട്ട് പ്രൈസ് 2010 പ്രകാരം സംസ്ഥാനത്ത് കൊപ്ര/പച്ച തേങ്ങ സംഭരണം നടത്തുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടും കൊപ്ര/പച്ചത്തേങ്ങ സംഭരണത്തിനുള്ള നാഫെഡിന്റെ നോഡൽ ഏജൻസികളെ തീരുമാനിച്ചു കൊണ്ടും സ.ഉ (സാധാ) നമ്പർ 713/2009 സഹ. തീയതി 30/12/2009 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൊപ്ര/പച്ച തേങ്ങ സംഭരണത്തിനായി 600-ഓളം പ്രാഥമിക സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. 19-01-2010-ലെ ജി.ഒ. (ആർ.റ്റി) 27/2010 സഹ. നമ്പർ ഉത്തരവ് പ്രകാരം 30 പ്രാഥമിക സഹകരണ സംഘങ്ങളെ ജില്ലാതല നോഡൽ ഏജൻസികളായി തെരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാനതലത്തിൽ നോഡൽ ഏജൻസകളായി കൺസ്യൂമർ ഫെഡ്, കേര ഫെഡ്, മാർക്കറ്റിംഗ് ഫെഡ് എന്നിവയെയും തെരഞ്ഞെടുത്തിട്ടുണ്ട്. സംഭരണ |

നടപടികളുടെ പുരോഗതി വിലയിരുത്തുന്നതിലേക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കും സഹകരണ വകുപ്പു മന്ത്രി ചെയർമാനും വകുപ്പു മേധാവികൾ അംഗങ്ങളായും,സഹകരണ സംഘം രജിസ്ട്രാർ കൺവീനറായും സംസ്ഥാന ഉന്നത തല കമ്മിറ്റിയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരി, ജില്ലാ കളക്ടർ ചെയർമാൻ, ജില്ലാതല വകുപ്പു മേധാവികൾ അംഗങ്ങൾ, ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറുമായിട്ടുള്ള ജില്ലാതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ യഥാസമയം യോഗം ചേർന്ന് സംഭരണ പുരോഗതി വിലയിരുത്തി പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| ബി) എങ്കിൽ കിലോക്ക് എത്ര രൂപ വച്ചു സംഭരിക്കാനും നോഡൽ ഏജൻസിക്ക് എത്ര രൂപയ്ക്ക് കൈമാറാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്; | പ്രാഥമിക സഹകരണ സംഘങ്ങളും നോഡൽ ഏജൻസികളും കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരിക്കുന്നതിന്, പൊതിച്ച് പൊട്ടിക്കാത്ത പച്ച തേങ്ങയ്ക്ക് കിലോയ്ക്ക് 12 രൂപ വരെയും, പൊട്ടിച്ച് വെള്ളം കളഞ്ഞ തേങ്ങയ്ക്ക് കിലോയ്ക്ക് 14 രൂപ വരെയും നൽകാവുന്നതാണെന്ന് 22/2/2010-ലെ സ.ഉ (സാധാ) നം. 118/2010/സഹ. നം. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നോഡൽ ഏജൻസികൾക്ക് എത്ര രൂപയ്ക്ക് കൈമാറണമെന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല. |

| | |
|---|---|
| സി) പച്ചത്തേങ്ങ സംഭരണത്തിന്റെ വകയിൽ ഹാൻഡ് ലിംഗ് ചാർജ്, മുറിവാടക തുടങ്ങി എന്തെങ്കിലും ആനുകൂല്യങ്ങൾ സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | 22-2-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 118/2010/സഹ. നമ്പർ ഉത്തരവ് പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളും നോഡൽ ഏജൻസികളും കർഷകരിൽ നിന്നും പച്ച തേങ്ങ സംഭരിക്കുമ്പോൾ കിലോ ഒന്നിന് 25 പൈസ (ക്വിന്റലിന് 25 രൂപ) നിരക്കിൽ ഹാൻഡിലിംഗ് ചാർജായി ലഭിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുറി വാടക തുടങ്ങിയവ നൽകുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. ഈ കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 448

22.03.2010- ലെ
മറുപടിക്ക്

## കയർ വർഷാചരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) 2010 കയർ വർഷമായി ആചരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | (എ) 2010 കയർ വർഷമായി ആചരിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള ശുപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല. കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്നില്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ മുൻകയ്യിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതാണ്. |
| (ബി) കയർ വർഷം ആചരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) കയർ വർഷം ആചരിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന പ്രവർത്തനങ്ങളാണ് നടത്തുവാൻ ലക്ഷ്യമിടുന്നത്.<br><br>I. **<u>നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക പദ്ധതികൾ</u>**<br><br>a) കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ<br>b) കയറിനും കയർ ഉല്പന്നങ്ങൾക്കും ബ്രാന്റ് സർട്ടിഫിക്കേഷൻ<br>c) വിപണനത്തിനുള്ള പരസ്യ പ്രചാരണ പ്രവർത്തനങ്ങൾ<br>d) പരമ്പരാഗത കരകൗശല ഉല്പന്നങ്ങൾ വികസിപ്പിക്കൽ<br>e) ആഭ്യന്തര വിദേശ വിപണികളിൽ കയർ ജിയോ ടെക്സ്റ്റയിൽസിന്റെ പ്രചാരം. |

| | |
|---|---|
| | f) കയർ മേഖലയിലെ യന്ത്ര സാമഗ്രികളുടെ ഗവേഷണവും വികസനവും<br>g) ക്ഷേമപദ്ധതികൾ - അസംഘടിത മേഖലയിൽ, ഗ്രാറ്റുവിറ്റി, ആരോഗ്യ പദ്ധതി<br>h) അന്താരാഷ്ട്ര കയർ എക്സിബിഷൻ, ട്രേഡ്ഫെയർ, ബയർ സെല്ലർ മീറ്റുകൾ<br><br>II **<u>നിലവിൽ നടന്നു വരുന്ന പദ്ധതികൾ</u>**<br><br>i) തൊണ്ട് സംഭരണ പദ്ധതി<br>j) പുതിയ ഡീഫൈബറിംഗ് മില്ലുകളുടെ സ്ഥാപനവും നിലവിലുള്ളവയുടെ പുനരുദ്ധാരണവും<br>k) കയർ മേഖലയ്ക്കാവശ്യമായ യന്ത്ര സാമഗ്രികൾ നിർമ്മിക്കുന്നതിന് ആലപ്പുഴയിൽ ഫാക്ടറി സ്ഥാപിക്കുക.<br>l) കയർ വ്യവസായത്തിന്റെ സാങ്കേതിക വിദ്യാ വികസനം.<br>i. ഫോം മാറ്റിംഗ്സ് (ഇൻഡ്യാ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി<br>ii. കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ചുമതലയിൽ സങ്കരയാൺ ഫാക്ടറി<br>iii. കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പി.വി.സി. ടഫ്റ്റഡ് ഫാക്ടറി<br>m) കേരളാ കയർ മാർക്കറ്റിംഗ് കൺസോർഷ്യം<br>n) കയർ കടാശ്വാസ പദ്ധതി<br>o) കയർ തൊഴിലാളികളുടെ ത്രിഫ്റ്റ്, ഷെയർ തിരികെ നൽകുന്ന പദ്ധതി<br>p) കയർ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി<br>q) കയർ പിത്ത് ബ്രിക്കറ്റിംഗ് യൂണിറ്റ് സ്ഥാപനം.<br>r) കയർ ജിയോ ടെക്സ്റ്റയിൽസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം |
| (സി) കയർ വകുപ്പിന്റെ ചുമതലയിൽ ഏതെല്ലാം പ്രോജക്ടുകളാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) കയർ വകുപ്പിന്റെ ചുമതലയിൽ ചുവടെ വിവരിക്കുന്ന പദ്ധതികളാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്<br><br>a) തൊണ്ട് സംഭരണ പദ്ധതി<br>b) പുതിയ ഡീഫൈബറിംഗ് മില്ലുകളുടെ സ്ഥാപനവും നിലവിലുള്ളവയുടെ പുനരുദ്ധാരണവും |

| | |
|---|---|
| | c) കയർ മേഖലയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിന് ആലപ്പുഴയിൽ ഫാക്ടറി സ്ഥാപിക്കുക.<br>d) കയർ വ്യവസായത്തിന്റെ സാങ്കേതിക വിദ്യാ വികസനം.<br>e) ഫോം മാറ്റിംഗ്സ് (ഇൻഡ്യാ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി<br>f) കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ചുമതലയിൽ സങ്കരയാൺ ഫാക്ടറി<br>g) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പി.വി.സി. ടഫ്റ്റഡ് ഫാക്ടറി<br>h) കേരളാ കയർ മാർക്കറ്റിംഗ് കൺസോർഷ്യം<br>i) കയർ കടാശ്വാസ പദ്ധതി<br>j) കയർ തൊഴിലാളികളുടെ ത്രിഫ്റ്റ്, ഷെയർ തിരികെ നൽകുന്ന പദ്ധതി<br>k) കയർ തൊഴിലാളികൾക്ക് വൃദ്ധ സദനം<br>l) കയർ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി<br>m) കയർ പിത്ത് ബ്രിക്കറ്റിംഗ് യൂണിറ്റ് സ്ഥാപനം.<br>n) കയർ ജിയോ ടെക്സ്റ്റയിൽസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം<br><br>**<u>നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക പദ്ധതികൾ</u>**<br><br>a) കയറിനും കയർ ഉല്പന്നങ്ങൾക്കും ബ്രാന്റ് സർട്ടിഫിക്കേഷൻ<br>b) വിപണനത്തിനുള്ള പരസ്യ പ്രചാരണ പ്രവർത്തനങ്ങൾ<br>c) പരമ്പരാഗത കരകൗശല ഉല്പന്നങ്ങൾ വികസിപ്പിക്കൽ<br>d) ആഭ്യന്തര വിദേശ വിപണികളിൽ കയർ ജിയോ ടെക്സ്റ്റയിൽസിന്റെ പ്രചാരം.<br>e) കയർ മേഖലയിലെ യന്ത്ര സാമഗ്രികളുടെ ഗവേഷണവും വികസനവും<br>f) ക്ഷേമപദ്ധതികൾ - അസംഘടിത മേഖലയിൽ ഗ്രാറ്റുവിറ്റി, ആരോഗ്യ പദ്ധതി<br>g) അന്താരാഷ്ട്ര കയർ എക്സിബിഷനും, ട്രേഡ്ഫെയറും<br><br>**സെക്ഷൻ ഓഫീസർ** |

12-ാം കേരള നിയമസഭ
14-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 449 22.3.2010-ലെ മറുപടി

**കെ.എസ്.ആർ.ടി.സി. യെ ലാഭത്തിലാക്കാൻ നടപടി**

ചോദ്യം ഉത്തരം

ശ്രീ. ടി.എൻ പ്രതാപൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. എം.മുരളി

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി സർക്കാരിന് നൽകാനുള്ള ബാദ്ധ്യതയിൽ എത്ര കോടി രൂപ എഴുതിത്തള്ളിയെന്ന് അറിയിക്കുമോ; | (എ) | 31.3.2008 വരെ സർക്കാരിനു നല്കാനുണ്ടായിരുന്ന ബാധ്യതയായ 1070.60 കോടി രൂപ എഴുതി തള്ളിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ഇനങ്ങളിലായി എത്ര രൂപ വീതമാണ് എഴുതിത്തള്ളിയതെന്ന് വ്യക്തമാക്കുമോ; | (ബി) | 31.3.2008 വരെയുള്ള സർക്കാർ വായ്പയായ 250.38 കോടി രൂപ കെ.എസ്.ആർ.ടി.സി.യിൽ സർക്കാരിന്റെ ഓഹരിയാക്കി മാറ്റി. ടി വായ്പയുടെ പലിശയും പിഴപലിശയുമായി യഥാക്രമം 130.41 കോടി രൂപയും 66.98 കോടി രൂപയും മോട്ടോർ വാഹന വകുപ്പിന്റെ കണക്കിൽ കെ.എസ്.ആർ.ടി.സി, ടാക്സ് ഇനത്തിൽ നൽകേണ്ടതായി ഉണ്ടായിരുന്ന 622.83 കോടി രൂപയുമാണ് സർക്കാർ എഴുതി തള്ളിയത്. |
| (സി) | പ്രസ്തുത തുക എഴുതിത്തള്ളിയത് കൊണ്ട് കെ.എസ്.ആർ.ടി. ലാഭത്തിലാകുമോയെന്ന് അറിയിക്കുമോ; | (സി) | സർക്കാർ എഴുതി തള്ളിയ 1070.60 കോടി രൂപ കെ.എസ്.ആർ.ടി.സി യുടെ കണക്കിൽ വരുക വഴി, 31.3.2008 വരെയുള്ള സർക്കാർ ലോൺ തുക ഇക്വിറ്റി ആക്കി മാറ്റിയതു കാരണം കെ.എസ്.ആർ.ടി.സി യുടെ കടബാധ്യത കുറയുകയും, പലിശയിനത്തിൽ പ്രതിവർഷം 25 കോടിയോളം രൂപയുടെ ചിലവ് ഒഴിവാക്കാനും സാധിക്കുന്നു. കൂടാതെ മൂലധനം വർദ്ധിക്കുകയും, മറ്റു ബാധ്യതകളും, സഞ്ചിത നഷ്ടവും കുറയുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ഡി) | ഇല്ലാത്ത പക്ഷം കെ.എസ്.ആർ.ടി.യെ ലാഭത്തിലാക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. യെ ലാഭത്തിലാക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>1) പ്രതിവർഷം 1000 ബസ്സുകൾ പുറത്തിറക്കി കോർപ്പറേഷന്റെ വികസനം ഉറപ്പാക്കി നഷ്ടം കുറച്ചുകൊണ്ടുവരാനുള്ള ദീർഘവീക്ഷണത്തോടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>2) കർണ്ണാടക, തമിഴ്നാട് അന്തർ സംസ്ഥാന സർവ്വീസുകളും ജനപ്രിയ മലബാർ സർവ്വീസുകളുൾപ്പെടെ സർവ്വീസുകൾ അധികമായി ഓടിച്ചും, നിലവിലുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചും, തിരുവനന്തപുരം സിറ്റിയിൽ സമാന്തരസർവ്വീസുകളെ നിയന്ത്രിച്ചും 2006 ജൂൺ മാസം പ്രതിദിനം 11.52 ലക്ഷം കി.മീറ്റർ സർവ്വീസ് നടത്തിയിരുന്നത് പ്രതിദിനം 15.20 ലക്ഷത്തോളം കി.മീറ്ററായി വർദ്ധിപ്പിച്ചും, 2006 ജൂണിൽ 2.27 കോടി രൂപ പ്രതിദിനം വരുമാനം ലഭിച്ചിരുന്നത് 2009 നവംബറിൽ പ്രതിദിനം 3.22 കോടി രൂപയായി വർദ്ധിപ്പിക്കാൻ സാധിച്ചു.<br>3) 18853 പേർക്ക് പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ആശ്രിത നിയമനം വഴി നിയമനം നൽകുകയും, ഇപ്രകാരം നിയമനം നൽകുന്ന മുറയ്ക്ക് താല്ക്കാലിക ജീവനക്കാരെ നിയമാനുസൃതം പിരിച്ചു വിടുകയും ചെയ്യുന്നു.<br>4. സുരക്ഷിതവും, സുഖകരവും, വിശ്വസനീയവുമായ യാത്ര - മിതമായ നിരക്കിൽ ഉറപ്പാക്കിയും കോർപ്പറേഷന്റെ വികസനം ഉറപ്പാക്കാനും സേവനം വിപുലീകരിക്കാനും കേരളത്തിലെ എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ചും, തിരുവനന്തപുരം നഗരത്തിലെ യാത്രാ സൗകര്യം വർദ്ധിപ്പിക്കാൻ പുതിയ അനന്തപുരി ഫാസ്റ്റ് ബസ്സുകൾ ആരംഭിച്ചും വികസന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.<br>5 സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ 5 മേഖലാ ഓഫീസുകൾ ആരംഭിച്ചും, തിരുവനന്തപുരത്ത് സിറ്റി ബസ്സുകൾക്ക് റൂട്ട് |

| | | | |
|---|---|---|---|
| | | | നമ്പർ നൽകിയും, ദീർഘദൂര സർവ്വീസുകൾക്ക് ഓൺലൈൻ റിസർവേഷൻ ആരംഭിച്ചും, നോട്ടിഫൈഡ് റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ ആരംഭിച്ചും, അതാതു പ്രദേശത്തെ എം.എൽ.എ മാരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രതിമാസ യോഗങ്ങൾ നടത്താൻ നടപടികൾ സ്വീകരിച്ചും സർവ്വീസ് കാര്യക്ഷമമായി നടത്തുന്നതിന് എല്ലാ വിഭാഗം ജീവനക്കാർക്കും ഡ്രൈവർമാർക്കും, കണ്ടക്ടർമാർക്കും ട്രെയിനിംഗ് നൽകിയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു.<br>6. എല്ലാ യൂണിറ്റുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നൽകിയും ദീർഘദൂര സർവ്വീസിനും , അന്തർ സംസ്ഥാന ബസ് സർവ്വീസിനുമായി പുതിയ എയർബസ് , സൂപ്പർ ഡീലക്സ്, വോൾവോ എന്നിവ നിരത്തിലിറക്കിയും സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് കോർപ്പറേഷന്റെ 5 വർക്ക്ഷോപ്പുകളും പൂർണ്ണമായി ഉപയോഗിച്ചുകൊണ്ട് ബസ് ബോഡി നിർമ്മാണം നടത്തിയും, സ്ഥിരം യാത്രക്കാർക്ക് 25 % കുറഞ്ഞ നിരക്കിൽ സീസൺ ടിക്കറ്റ് നൽകിയും 1.2.2010 മുതൽ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് പുതിയ ഇൻസെന്റീവ് സ്കീം കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നൽകിയും പ്രവർത്തനങ്ങൾ നടത്തുന്നു.<br>7. അപകടങ്ങളുടെ നിരക്ക് കുറക്കുന്നതിനും, അപകടം മൂലമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനും അധിക വേഗത മൂലമുള്ള അപകടം ഒഴിവാക്കുന്നതിനുമായി ബസ്സുകളിൽ സ്പീഡ് ഗവർണർ ഘടിപ്പിക്കുകയും, എല്ലാ ഡ്രൈവർമാർക്കും പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.<br>8. അപകടം പറ്റിയ യാത്രക്കാർക്ക് ആനുകൂല്യം താമസംവിനാ ലഭ്യമാക്കാൻ പുതിയ എല്ലാ ബസ്സുകളും ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ ഉയർന്ന ക്ലാസ് ബസുകളും ഇൻഷ്വർ ചെയ്തിട്ടുണ്ട്.<br>9. ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരിൽ നിന്നും മോട്ടോർ വെഹിക്കിൾ ആക്ടനുസരിച്ച് 500 രൂപ (അഞ്ഞൂറ് ) വരെ ഫൈൻ ഈടാക്കി വരികയും, ഇതുവഴി |

| | | | |
|---|---|---|---|
| | | | ടിക്കറ്റില്ലാതെ യാത്രചെയ്യുന്നവരുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുമുണ്ട്.<br>10. ജീവനക്കാരെ വിശ്വാസത്തിലെടുക്കുന്നതിന് 28.2.2002-ൽ കാലാവധി അവസാനിച്ച ശമ്പള പരിഷ്ക്കരണ കരാർ അംഗീകൃത ട്രേഡ് യൂണിയനുമായി ചർച്ച ചെയ്ത് 28.11.2008-ൽ അംഗീകരിച്ച് 1.3.2009-മുതൽ നടപ്പിലാക്കി.<br>11. ജീവനക്കാരുടെ ജോലിയും ഉത്തരവാദിത്വങ്ങളും അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് അംഗീകരിച്ച് പുതുക്കിയ മാന്വൽ ഇറക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.<br>12. ജീവനക്കാരുടെ പ്രൊഡക്റ്റിവിറ്റി 15% മുതൽ 20% വരെ വർദ്ധിപ്പിച്ച് കാര്യക്ഷമത കൂട്ടാൻ നടപടികൾ എടുത്തു.<br>13. എല്ലാ പ്രധാന സ്റ്റേഷനുകളിലും ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ബസ് സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br>14. കെ.എസ്.ആർ.ടി.സി. യുടെ പക്കലുള്ള ഭൂമികൾക്ക് പട്ടയം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഒരു ആഫീസറെ കെ.എസ്.ആർ.ടി.സി. യിൽ എസ്റ്റേറ്റ് ഓഫീസറായി നിയമിക്കുകയും, പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചും വരുന്നു.<br>15. കെ.എസ്.ആർ.ടി.സി. ഇന്ത്യൻ ഓയിൽ കമ്പനികൾക്ക് ഡീസൽ വാങ്ങിയ ഇനത്തിൽ നൽകുവാനുണ്ടായിരുന്ന 2006 മേയിലെ കുടിശ്ശികയായ 133.29 കോടി രൂപ, 36 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കോർപ്പറേഷൻ ഫണ്ടിൽ നിന്നും തുക നൽകി 2006 മേയിൽ ഉണ്ടായിരുന്ന ഹിന്ദുസ്ഥാൻ പെട്രോളിയം കമ്പനിയുടെ കുടിശ്ശികയായ 5.78 കോടി രൂപ പൂർണ്ണമായും കൊടുത്തു തീർത്തു.<br>16. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ. 450 | 22/03/2010 ലെ<br>മറുപടിയ്ക്ക്. |

## " ചുമട്ടു തൊഴിലാളി ബോർഡിന്റെ പ്രവർത്തനം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചുമട്ടുതൊഴിലാളി ബോർഡിന്റെ പ്രവർത്തനംകാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ലോക്കൽ കമ്മിറ്റികളിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ഒഴികെയുള്ള 34 ലോക്കൽ കമ്മിറ്റികളെ 14 ജില്ലാ കമ്മിറ്റികളായി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ബോർഡിന് കീഴിലുള്ള എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവല്ക്കരിക്കുന്നതിന് നടപടികൾ എടുത്തു വരുന്നു.<br><br>പൂളുകളിൽ പരിശോധന നടത്തിയും തൊഴിലാളികളെയും കുടുംബാംഗങ്ങളെയും ബോധവല്ക്കരിച്ചും തൊഴിലാളികൾ ബോർഡിൽ അടവു വരുത്തുന്ന വേതനത്തിന്റെ ചോർച്ച തടഞ്ഞ് ബോർഡിന്റെ വരുമാനത്തിൽ വർദ്ധനവ് വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പരിശോധന നടത്തുന്നതിന് എല്ലാ ജില്ലകളിലും വിജിലൻസ് ആന്റ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികൾ വിവിധ ആനുകൂല്യങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി അവർക്ക് കാലതാമസം കൂടാതെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ബോർഡിന്റെ എല്ലാ ഓഫീസുകളിലും നടത്തിയിട്ടുണ്ട്. 2500/-രൂപ വരെയുള്ള വിവിധ ആനുകൂല്യങ്ങൾ കമ്മിറ്റിതലത്തിൽ തന്നെ അനുവദിച്ചു നല്കുന്നതു വഴി ആനുകൂല്യങ്ങൾ സമയബന്ധിതമായി തന്നെ നല്കുന്നുണ്ട്. |
| (ബി) | കയറ്റിറക്കു തൊഴിലാളികൾ അന്യായമായ കൂലി | (ബി) | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിൽ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ |

| | | | |
|---|---|---|---|
| | വാങ്ങുകയും നിർബന്ധ പിരിവുകൾ നടത്തുകയും ചെയ്യുന്ന സംഭവങ്ങൾ ബോർഡിൻെറ ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | | ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ അംഗങ്ങളായ തൊഴിലാളികൾ കൂടുതൽ കൂലി വാങ്ങിയ ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | ബോർഡിന്റെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ അംഗങ്ങളായ തൊഴിലാളികൾ അമിതകൂലി വാങ്ങരുതെന്ന കർശനമായ നിർദ്ദേശം പൂൾ ലീഡർമാർക്കും തൊഴിലാളികൾക്കും നല്കിയിട്ടുണ്ട്. ഇത് ലംഘിച്ച് അമിതകൂലി വാങ്ങുന്നത് ശ്രദ്ധയിൽ പെടുമ്പോൾ അമിതകൂലി തിരിച്ച് കൊടുപ്പിക്കുകയും പൂൾ ലീഡർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>അമിതകൂലിയോ നോക്കുകൂലിയോ വാങ്ങിയതായി ശ്രദ്ധയിൽ പെട്ടാൽ 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ 35-ാം ഖണ്ഡിക പ്രകാരമുള്ള താഴെ വിവരിക്കുന്ന ശിക്ഷാവിധികൾ കൈക്കൊള്ളുന്നതാണ്.<br>എ) രേഖാമൂലം താക്കീത് നല്കുക.<br>ബി) 7 ദിവസത്തിൽ കുറയാതെയോ 30 ദിവസത്തിൽ കവിയാതെയോ ഉള്ള ഒരു കാലയളവിലേക്ക് ജോലി ചെയ്യുന്നതിൽ നിന്നും താല്ക്കാലികമായി നീക്കം ചെയ്യുക.<br>എന്നാൽ വീണ്ടും ചെയ്യുന്ന കുറ്റത്തിന് അപ്രകാരം താല്ക്കാലികമായി ജോലിയിൽ നിന്നും നീക്കം ചെയ്യുന്നത്, അതിനുള്ള കാരണങ്ങൾ രേഖാമൂലം അറിയിച്ചു കൊണ്ട്, 60 ദിവസം വരെയുള്ള കാലയളവിലേക്ക് ദീർഘിപ്പിക്കാവുന്നതാണ്.<br>സി) ചുമട്ടു തൊഴിലാളിയായുള്ള രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ അപ്രകാരം ചെയ്യുക. |

Sushama S

സെക്ഷൻ ഓഫീസർ.